# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ-പികെഡി.18-472/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 17/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ-പികെഡി.18-472/23 തീയ്യതി: 17/04/2023

## പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-07-2022 മുതൽ 04-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. പി.എസ്. സാബു | ഡെപ്യൂട്ടി ഡയറക്ടർ. | 06-03-2023 | 15-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-03-2023 | 15-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. യു.ബിജു ആന്റണി, ഓഡിറ്റ് ഓഫീസർ,
ശ്രീ.ഐ.കന്തസ്വാമി, ഓഡിറ്റർ,
ശ്രീമതി. കെ.ഗീത,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്രിൻസ് ജോസഫ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. സിറോഷ്. എസ്. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രമേഷ് .എം. | അസി.എഞ്ചിനീയർ | 01-04-2021 | 29-11-2021 |
| ശ്രീ.ശശീധരൻ സച്ചു. | അസി.എഞ്ചിനീയർ | 30-11-2021 | 31-03-2022 |
| ശ്രി. ശിവരാജൻ.സി. | അസി. സെക്രട്ടറി | 01-04-2021 | 12-07-2021 |
| ശ്രീ. രാജീവ് എം കൃഷ്ണൻ | അസി. സെക്രട്ടറി | 13-07-2021 | 29-10-2021 |
| ശ്രീ. ശ്രീകുമാർ എസ്. എസ്. | അസി. സെക്രട്ടറി | 30-10-2021 | 31-03-2022 |
| ശ്രീമതി. താജുമ്മ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 16-11-2021 |
| ശ്രീമതി. റൂബി സേവ്യർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17-11-2021 | 31-03-2022 |
| ഡോ. ആനന്ദ്.ടി.ജി. | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2021 | 31-03-2022 |
| ശ്രീ.കുഞ്ഞുണ്ണി.പി.കെ. | ഹെഡ് മാസ്റ്റർ | 01-04-2021 | 23-12-2021 |
| ശ്രീമതി. സുമ.എസ്. | ഹെഡ് മാസ്റ്റർ | 24-12-2021 | 31-03-2022 |
| ശ്രീമതി. രാഹിത .എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. റിയാസ്. വൈ | മെഡിക്കൽ ഓഫീസർ (ഹോമിയോ.) | 01-04-2021 | 31-03-2022 |
| ഡോ.അരുൺ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകത | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 1-11 |
| 13 | ഭേദഗതി ചട്ടപ്രകാരം ലൈസൻസ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-11-1 |
| 14 | ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് ക്ഷീരോൽപാദക സഹകരണ സംഘം പ്രവർത്തിക്കുന്നു | 1-11-2 |
| 15 | ട്രേഡ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല | 1-11-3 |
| 16 | മെഡിക്കൽ ഓഫീസർ ഹോമിയോ - പദ്ധതികൾ നടപ്പാക്കിയിട്ടില്ല | 1-12 |
| 17 | ഗ്രാമപഞ്ചായത്തിന്റെ ആസ്തികളായ വാടക കെട്ടിടങ്ങളിൽ നിന്നുള്ള വരുമാനം ഉറപ്പാക്കേണ്ടതാണ് | 1-13 |
| 18 | മുറികളുടെ വാടക ഈടാക്കുന്നതിനുള്ള ബൈലോ | 1-13-1 |
| 19 | പ്രത്യേക വിഭാഗക്കാർക്ക് സംവരണം | 1-13-2 |
| 20 | മുറികളുടെ വാടക പുതുക്കൽ-എഗ്രിമെന്റ് ചമച്ചില്ല | 1-13-3 |
| 21 | കുടിശിക ഡിമാന്റ് രജിസ്റ്റർ - തയ്യാറാക്കിയിട്ടില്ല | 1-13-4 |
| 22 | വാടക ഡിമാന്റ് രജിസ്റ്റർ - രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല | 1-13-5 |
| 23 | മുറികൾ ഒഴിഞ്ഞു കിടക്കുന്നു | 1-13-6 |
| 24 | വാടക കുടിശ്ശിക - ഈടാക്കിയിട്ടില്ല | 1-13-7 |
| 25 | മൊബൈൽ ടവർ സ്ഥാപിക്കുന്നതിന് സ്ഥലം പാട്ടത്തിനു നല്കിയതിന് വാടക ഈടാക്കുന്നില്ല | 1-13-8 |
| 26 | എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ട് ഇല്ലാതെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു | 1-14 |

| | | |
|---|---|---|
| 27 | തൊഴിൽനികുതി പിരിവ് -കാര്യക്ഷമമാക്കേണ്ടതാണ് | 1-15 |
| 28 | സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-15-1 |
| 29 | ക്ഷീരോൽപാദക സഹകരണ സംഘത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15-2 |
| 30 | എസ്റ്റേറ്റ് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15-3 |
| 31 | തൊഴിൽനികുതി ട്രേഡേഴ്സ് -രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നില്ല | 1-15-4 |
| 32 | വസ്തു നികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-16 |
| 33 | കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന എം.എസ്.എം.ഇ കളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യണം | 1-16-1 |
| 34 | സഞ്ചയ ഡാറ്റാബേസിലെ എം.എസ്.എം.ഇ കളുടെ വിവരം കൃത്യമല്ല | 1-16-2 |
| 35 | അനധികൃത കെട്ടിടത്തിന് സാധാരണ കെട്ടിടത്തിന് നൽകുന്ന രീതിയിൽ കെട്ടിട നമ്പർ നൽകി | 1-16-3 |
| 36 | വിവരശേഖരണം നടത്താതെ കെട്ടിട നമ്പർ അനുവദിച്ചു | 1-16-4 |
| 37 | വസ്തുനികുതി കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-16-5 |
| 38 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - കമ്പ്യൂട്ടർ ലഭ്യമായില്ല | 1-17 |
| 39 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്- പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചില്ല | 1-18 |
| 40 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര നൽകൽ- ആർട്ട്കോ യിൽനിന്ന് നേരിട്ട് വാങ്ങിയത് ക്രമപ്രകാരമല്ല | 1-19 |
| 41 | സാമൂഹിക സുരക്ഷ മിഷന് സംഭാവന- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-20 |
| 42 | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നല്കൽ- മുഴുവൻ ഉപകരണങ്ങളും വിതരണം ചെയ്തിട്ടില്ല. | 1-21 |
| 43 | ജീ.എസ്.ടി ടിഡിഎസ് തുക ഈടാക്കിയിട്ടില്ല. | 1-22 |
| 44 | ധാതുലവണ മിശ്രിതം- മുഴുവനും വിതരണം ചെയ്തിട്ടില്ല. | 1-23 |
| 45 | കുടിവെള്ള പദ്ധതികളുടെ പരിപാലനം - കാര്യക്ഷമമല്ല | 1-24 |
| 46 | ലൈഫ് മിഷൻ ഭവന നിർമ്മാണം എസ്.ടി- അക്രഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനത്തിന് അഡ്വാൻസ് തുക നൽകിയത് തടസ്സപ്പെടുത്തുന്നു. | 1-25 |
| 47 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ- പദ്ധതി നിർവഹണം നടത്തിയിട്ടില്ല. | 1-26 |
| 48 | കുടിവെള്ള പദ്ധതികളിൽ സംഭവിച്ചിട്ടുള്ള അപാകതകൾ | 1-27 |
| 49 | പ്രവൃത്തികളിൽ അവശ്യം വേണ്ട രജിസ്റ്ററുകൾ ,രേഖകൾ സൂക്ഷിക്കുന്നില്ല | 1-28 |

| | | |
|---|---|---|
| 50 | പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്തവയിൽ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നു | 1-29 |
| 51 | മരാമത്ത് പ്രവൃത്തിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല | 1-30 |
| 52 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. | 1-31 |
| 53 | ഇ-ടെണ്ടർ ഫീസ് ഇനത്തിൽ തുകകൾ പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല | 1-32 |
| 54 | മതിയായ തുകക്കുള്ള മുദ്രപത്രം ഇല്ലാതെ കരാർ ചമച്ചിരിക്കുന്നു | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സ.ഉ(സാധാ)നം. 3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 20-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 24-03-2022 ലെ തീരുമാനം നം. 1 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 12,40,22,729.03 |
| തൻവർഷത്തെ വരവ് | 21,55,79,300.00 |
| ആകെ വരവ് | 33,96,02,029.03 |
| ചെലവ് | 15,34,35,000.00 |
| നീക്കിയിരിപ്പ് | 18,61,67,029.03 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 28-06-2022 | - | - |

## 1-2-1 വാർഷിക കണക്കിലെ അപാകത

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

സി) ചട്ടം 62(3) – മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല

2.കേന്ദ്രാവിഷ്കൃതം (ഐ.സി.ഡി.എസ്), ബ്ലോക്ക് ഷെയറുകളുടെ ഫണ്ട് വിവരം, മറ്റ് ഏജൻസികളിൽനിന്ന് ലഭ്യമാകുന്ന ഫണ്ടുകളുടെ വിവരം എന്നിവ രേഖപ്പെടുത്തുന്നതിന് അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4.ബാലൻസ് ഷീറ്റിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കാനാവില്ല.

5. അഡ്വാൻസ് - ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ക്രമീകരിക്കുവാനുള്ള തുകയായ 3000/- രൂപയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

6. റസീപ്റ്റ് & പെയ്മെന്റ് RP-40(b) പ്രകാരം Treasury TSB A/c 6 ൽ 12,450/- രൂപ നീക്കിയിരുപ്പുണ്ടെങ്കിലും യഥാർത്ഥത്തിൽ ഈ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ളതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 52,19,079 |

| | |
|---|---|
| വരവ് | 7,74,24,571 |
| ആകെ | 8,26,43,650 |
| ചെലവ് | 5,55,64,242 |
| നീക്കിയിരിപ്പ് | 2,70,79,408 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 5,42,60,000 | 5,42,60,000 | 2,88,38,406 | 2,54,21,594 |
| വികസനഫണ്ട് -എസ്.സി.പി | 0 | 42,11,000 | 42,11,000 | 4,50,694 | 37,60,306 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 18,31,000 | 18,31,000 | 4,95,700 | 13,35,300 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 65,70,000 | 65,70,000 | 16,28,155 | 49,41,845 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 1,09,10,387 | 1,09,10,387 | 31,02,653 | 78,07,734 |
| സി.എഫ്.സി-അൺടൈഡ് ഗ്രാന്റ് (Bank) | 0 | 1,04,17,315 | 1,04,17,315 | 16,66,456 | 87,50,859 |
| സി.എഫ്.സി-ടൈഡ് ഗ്രാന്റ് (Bank) | 0 | 1,53,39,000 | 1,53,39,000 | - | 1,53,39,000 |
| സി.എഫ്.സി-അൺടൈഡ് ഗ്രാന്റ് (Treasury) | 0 | 99,76,110 | 99,76,110 | 37,23,533 | 62,52,577 |
| സി.എഫ്.സി-ടൈഡ് ഗ്രാന്റ് (Treasury) | 0 | 1,36,60,000 | 1,36,60,000 | 34,02,246 | 1,02,57,754 |

എ)കേന്ദ്രാവിഷ്കൃതം

| | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ICDS | 3,718,270 | 2,22,614 | 39,40,884 | - | 39,40,884 |
| Sanitation | 181549 | 0 | 181549 | 0 | 181549 |
| Solid Waste Management | 1200000 | 0 | 1200000 | 0 | 1200000 |

ബി) തൊഴിലുറപ്പ പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | - | 3,40,974 | 3,40,974 | 2,91,348 | 49,626 |
| തൊഴിലാളികളുടെ വേതനം | - | 41,24,000 | 41,24,000 | 41,24,000 | 0 |
| ആകെ | - | 44,64,974 | 44,64,974 | 44,15,348 | 49,626 |

സസ്ഥാനാവിഷ്ഠാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|

| | | | | | യിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 653122 | 12732 | 665854 | 504 | 665350 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 179 | 16,14,02,286 | 76 | 4,27,12,868 | - | 103 | 42.45 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകളുടേയും നടപ്പാക്കിയ പ്രോജക്റ്റുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| വെറ്ററിനറി സർജ്ജൻ | 11 | 4 | 3232500 | 701800 | 21.71 |
| മെഡിക്കൽ ഓഫീ സർ-CHC | 9 | 9 | 2405000 | 1922252 | 79.93 |
| മെഡിക്കൽ ഓഫീസർ-Homeo | 4 | 0 | 325000 | - | 0 |
| വി.ഇ.ഒ | 5 | 1 | 6691800 | 519550 | 7.76 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 4 | 4170000 | 1749663 | 41.96 |
| സെക്രട്ടറി | 38 | 22 | 80429105 | 21767409 | 27.06 |
| എച്ച്.എം | 1 | 1 | 300000 | 75025 | 25.01 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 82 | 25 | 56610881 | 13198532 | 23.31 |
| അസി.സെക്രട്ടറി | 20 | 8 | 5738000 | 2275394 | 39.65 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1500000 | 503243 | 33.55 |
| ആകെ | 179 | 76 | 161402286 | 4271288 | 26.46 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | - | 3,40,974 | 3,40,974 | 2,91,348 | 49,626 |
| തൊഴിലാളികളുടെ വേതനം | - | 41,24,000 | 41,24,000 | 41,24,000 | 0 |
| ആകെ | - | 44,64,974 | 44,64,974 | 44,15,348 | 49,626 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 0 | 0 |

| | | | |
|---|---|---|---|
| 3 | വിധവാ പെൻഷൻ | 44,01,200.00 | 278 |
| 4 | വാർദ്ധക്യകാല പെൻഷൻ | 89,64,600.00 | 554 |
| 5 | വികലാംഗ പെൻഷൻ | 9,69,600.00 | 65 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 16,000.00 | 1 |

### 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-3-2023 ന് സ്ഥാപനത്തിലെ ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തി. 16488/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

തനത് വരുമാനം കുറവായതിനാൽ ദൈനം ദിന ആവശ്യങ്ങൾക്കുപോലും ഫണ്ട് ഇല്ലാത്ത സ്ഥിതിവിശേഷം ഗ്രാമപഞ്ചായത്തിലുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ ഉണ്ടായിട്ടില്ല.

തനത് ഫണ്ടിൽ നിന്നും മുൻകൂർ ആയി തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവിനായി നൽകുന്ന തുകകൾ സമയബന്ധിതമായി തിരികെ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുന്നില്ല.
പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ ആവശ്യമായ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്.

2022-23 വർഷം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

4/2013 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2008-09 മുതൽ 2012-13വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്.

പെർഫോമൻസ് ഓഡിറ്റ് 6/2022വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

### 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-11-1 ഭേദഗതി ചട്ടപ്രകാരം ലൈസൻസ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

അപേക്ഷാ ഫോം വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ ഇൻവെസ്റ്റ്മെന്റ് എത്രയാണെന്നോ സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം എന്നീ അടിസ്ഥാന വിവരങ്ങൾ മിക്ക ലൈസൻസ് അപേക്ഷകളിലും ലൈസൻസ് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നമ്പർ | അപേക്ഷകന്റെ പേര്/ ലൈസൻസ് ഏതാവശ്യത്തിന് |
|---|---|---|

| | | |
|---|---|---|
| 1 | എ2-616/2021 തീ 16/06/2021 | അയിഷ .എസ്, പുലയമ്പാറ (ഹോട്ടൽ നടത്തുന്നതിന്) |
| 2 | എ2-383/2021 തീ 19/03/2021 | കെ.കെ ജോതികുമാർ മാനേജിംഗ് ഡയറക്ടർ, ജോതിസ് റിട്രീറ്റ് (ഹോട്ടൽ & ലോഡ്ജ്) |

ലൈസൻസിനുള്ള അപേക്ഷകൾ അപേക്ഷകൻ പൂരിപ്പിക്കേണ്ട വിവരങ്ങൾ പൂർണ്ണമായും പൂരിപ്പിച്ചിട്ടില്ലാതെയാണ് സ്വീകരിച്ചിട്ടുള്ളത്. കൂടാതെ സ്ഥലപരിശോധന നടത്തിയ അന്വേഷണ റിപ്പോർട്ട്, സെക്രട്ടറിയുടെ അഭിപ്രായം എന്നിവ ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്.

അപേക്ഷകളിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്താതെ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം 2/7/03/2023 ന് മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി മാത്രമേ നിലവിൽ ലൈസൻസ് അപേക്ഷ സ്വീകരിക്കുന്നതെന്നും അന്വേഷണ റിപ്പോർട്ട്, സെക്രട്ടറിയുടെ ശുപാർശ എന്നിവ llgms ൽ രേഖപ്പെടുത്തി അപേക്ഷയോടൊപ്പം ഉൾകൊള്ളിച്ച് വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. അപേക്ഷകളിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്താതെ ലൈസൻസ് ഫീസ് വാങ്ങിയ തെറ്റായ നടപടി തിരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ലൈസൻസ് പുതുക്കി നല്കുമ്പോൾ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

### 1-11-2 ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് ക്ഷീരോൽപാദക സഹകരണ സംഘം പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന പുലയമ്പാറ ക്ഷീരോൽപാദക സഹകരണ സംഘത്തിന് ലൈസൻസ് അനുവദിച്ചിട്ടില്ല.

(ഓഡിറ്റ് അന്വേഷണം 2- 7/03/2023 )

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന പുലയമ്പാറ ക്ഷീരോൽപാദക സഹകരണ സംഘത്തിന് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള തുർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-11-3 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

ട്രേഡേഴ്സ് രജിസ്റ്ററിൽ 60 സ്ഥാപനങ്ങളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പ്രസിദ്ധീകരിച്ച 2021-22 വർഷത്തെ ദുരന്തനിവാരണ രേഖയിൽ 13 വാർഡുകളിലുമായി 127 വ്യവസായങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ അടിസ്ഥാന വിവരം കാണിക്കുന്ന രജിസ്റ്ററുകളിലെ വിവരം കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 2/7/03/2023 ന് ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കുന്നതിനും, വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾകൊള്ളിച്ച് കാലികമാക്കി എല്ലാവരെയും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കേണ്ടതാണ്.

### 1-12 മെഡിക്കൽ ഓഫീസർ ഹോമിയോ - പദ്ധതികൾ നടപ്പാക്കിയിട്ടില്ല

1. പ്രോജക്റ്റ് നം, പേര്- 24/22 - ഹോമിയോ ആശുപത്രിയുടെ ദൈനംദിന ചെലവുകൾ
അടങ്കൽ തുക, ഫണ്ടിനം- 75000/-രൂപ ( മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം)

2. പ്രോജക്ട് നം, പേര്- 14/22 - പാലിയേറ്റീവ് കെയർ ഹോമിയോ

അടങ്കൽ തുക, ഫണ്ടിനം- 100000/-രൂപ ( വികസന ഫണ്ട്- ജനറൽ)

3. പ്രോജക്ട് നം, പേര്- 17/22 -ഹോമിയോ ആശുപത്രിക്ക് പ്രിന്റർ നെറ്റ് കണക്ഷൻ ലാന്റ് ഫോൺ

അടങ്കൽ തുക, ഫണ്ടിനം- 50000/-രൂപ ( വികസന ഫണ്ട്- ജനറൽ)

4. പ്രോജക്ട് നം, പേര്- 19/22 - ഹോമിയോ ആശുപത്രിയിലേക്ക് മെഡിക്കൽ ഉപകരണങ്ങൾ
അടങ്കൽ തുക, ഫണ്ടിനം- 100000/-രൂപ (വികസന ഫണ്ട് - ജനറൽ )
മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി മേൽ സൂചിപ്പിച്ച 4 പ്രോജക്ടുകളിലായി 325,000/- രൂപ വകയിരുത്തിയെങ്കിലും പദ്ധതികളൊന്നും തന്നെ നടപ്പാക്കിട്ടില്ല.

മേൽ പദ്ധതികൾ നടപ്പാക്കാത്തതിന്റെ കാരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 8/08/03/2023 ന് 2018 ഡിസംബര് 26 ന് രൂപീകരിച്ച ഹോമിയോ ഡിസ്പെൻസറിക്ക് സ്ഥാപനത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥന് ഡി. ഡി.ഒ കോഡ് അനുവദിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

ഡി.ഡി.ഒ ഷിപ്പ് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ഡിസ്പെൻസറിയുടെ പ്രവർത്തനവും ഭൗതിക സാഹചര്യവും മെച്ചപ്പെടുത്തുന്നതിന് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-13 ഗ്രാമപഞ്ചായത്തിന്റെ ആസ്തികളായ വാടക കെട്ടിടങ്ങളിൽ നിന്നുള്ള വരുമാനം ഉറപ്പാക്കേണ്ടതാണ്

വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം 32 മുറികളാണ് ഗ്രാമപഞ്ചായത്തിന് ഉള്ളത് . നിലവിലുള്ള വാടകക്കാർക്കു തന്നെ 10% വാടക വർദ്ധിപ്പിച്ചാണ് കടമുറികൾ നല്കിയിട്ടുള്ളത്. നിലവിൽ 9 മുറികൾ ഒഴിഞ്ഞു കിടക്കുന്നു. മുറികളുടെ വാടക രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-13-1 മുറികളുടെ വാടക ഈടാക്കുന്നതിനുള്ള ബൈലോ

പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള 32 മുറികൾ വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും വാടക പിരിവ്, വാടകക്കാരുടെ മേലുള്ള നിയന്ത്രണം എന്നിവ കാര്യക്ഷമമാക്കുന്നതിനായി ബൈലോ തയ്യാറാക്കിയതായി കാണുന്നില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 ( 5, 6, 7) പ്രകാരം ബൈലോ തയ്യാറാക്കി നാളിതുവരെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

ബൈലോ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം 10-13/03/2023 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

ബൈലോയുടെ അഭാവത്തിൽ വാടക, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. കടമുറികളുടെ വാടകയുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13-2 പ്രത്യേക വിഭാഗക്കാർക്ക് സംവരണം

കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 10% സംവരണവും അംഗപരിമിതർക്ക് 3% സംവരണവും (50 % ത്തിലധികം വൈകല്യമുള്ളവർക്ക്) നൽകേണ്ടതാണ്. പ്രത്യേക വിഭാഗത്തിൽ അപേക്ഷകരില്ലെങ്കിൽ അടുത്തു വരുന്ന ഒഴിവ് ആ

വിഭാഗത്തിലായിരിക്കുമെന്ന നിബന്ധനയോടെ മറ്റ് വിഭാഗക്കാർക്ക് അനുവദിക്കാവുന്നതാണ്. സംവരണം പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനുള്ള വിവരങ്ങൾ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കടമുറികൾ വാടകയ്ക്കു നൽകിയതിൽ സംവരണക്രമം പാലിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 10-13/03/2023 ന് മറുപടിയായി ലേലഡയറി പരിശോധിച്ചതിൽ സംവരണക്രമം പാലിച്ചതായി രേഖപ്പെടുത്തിയിട്ടില്ലയെന്നും പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ശ്രീ. കുമാരൻ, ശ്രീ. ശിശുപാലൻ, ശ്രീമതി. ഈശ്വരി പഴണിസ്വാമി എന്നിവർക്ക് കടമുറികൾ വാടകയ്ക്ക് നൽകിയതായും അറിയിച്ചിട്ടുണ്ട്. ലേലനടപടികൾ കൈകൊള്ളുമ്പോൾ പ്രത്യേക വിഭാഗക്കാർക്ക് സംവരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

കടമുറികൾ വാടകയ്ക്കു നല്കുമ്പോൾ പട്ടികജാതി/പട്ടികവർഗ/അംഗപരിമിതർ വിഭാഗത്തിന് അർഹമായ സംവരണം ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതും കടമുറികൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-13-3 മുറികളുടെ വാടക പുതുക്കൽ-എഗ്രിമെന്റ് ചമച്ചില്ല

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ചട്ടങ്ങളിലെ ചട്ടം 7 (2) പ്രകാരം കടമുറികൾ വാടകയ്ക്കു നൽകുമ്പോൾ മതിയായ മൂല്യത്തിലുള്ള സ്റ്റാമ്പ് പേപ്പറിൽ വാടകക്കാരനുമായി കരാർ ചമയ്ക്കേണ്ടതാണ്. വാടക രജിസ്റ്റർ പ്രകാരം 32 കടമുറികളാണ് വാടകയ്ക്കു നല്കിയിട്ടുള്ളത്. വാടക എഗ്രിമെന്റ് ഇല്ലാതെയാണ് മുറികൾ വാടകയ്ക്കു നല്കിയിട്ടുള്ളത്. വാർഷിക വാടക വർദ്ധനവ് വരുത്തുമ്പോൾ എഗ്രിമെന്റ് ചമയ്ക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 10/13/03/2023 ന് 2021-22 സാമ്പത്തിക വർഷത്തിൽ ശ്രീ.ജോയ് കാക്കനാടൻ, ശ്രീ.സുലൈമാൻ എന്നവർ മാത്രമാണ് എഗ്രിമെൻറ് സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്.

ഒരേ വ്യക്തിക്കു തന്നെ കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ ഓരോ വർഷവും കരാർ പുതുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

### 1-13-4 കുടിശിക ഡിമാന്റ് രജിസ്റ്റർ - തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം 1279461/- രൂപ കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്.

മുറികൾ വാടകയ്ക്കു നല്കിയതിന്റെ വിവരം, വാടകക്കാരന്റെ പേര് , കുടിശ്ശിക കാലയളവ്, പിഴ ഈടാക്കിയതിന്റെ വിവരം എന്നിവ രേഖപ്പെടുത്തി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി കാണുന്നില്ല. (ഓഡിറ്റ് അന്വേഷണം 10-13/03/2023)

കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

കുടിശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി പിരിച്ചെടുക്കാനുള്ള തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13-5 വാടക ഡിമാന്റ് രജിസ്റ്റർ - രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല

ഏതാനും വാടകക്കാരുടെ വാടക ഈടാക്കിയത് ഏത് കാലയളവിലേതാണെന്ന് രേഖപ്പെടുത്താതെ രശീതി നമ്പർ മാത്രമാണ് വാടക ഡിമാൻറ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ഉദാഹരണം ചുവടെ ചേർക്കുന്നു.

| മുറി വാടകയ്ക്കു | കെട്ടിട നമ്പർ | റെന്റ് രജിസ്റ്ററിലെ |
|---|---|---|

| നല്കിയത് | | പേജ് നമ്പർ |
|---|---|---|
| കുമാരൻ , നൂറടി | 11/86 | 48 |
| ജോഷി, മരിയ എ(ഓഡിറ്റ് അന്വേഷണം 10-13/03/2023)സ്റ്റേറ്റ് | 11/257 | 58 |
| ജോയ് (ഓഡിറ്റ് അന്വേഷണം 10-13/03 /2023)കാക്കനാടൻ | 11/71,72, 73,74 | 52 (വാടക അടവാക്കിയ തീയതി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് ) |
| ടോമി മാത്യു | 11/75 | 53 (തീയതി മാത്രം രേഖപ്പെടുത്തിയിട്ടുള്ളത് ) |
| മിനി ടോമി | 11/76,77, 78,79,80 | 54 (തീയതി മാത്രം രേഖപ്പെടുത്തിയിട്ടുള്ളത് ) |

കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താതെ വാർഷിക കണക്കിലെ തൻ വർഷത്തെ വാടകയുടെ കൃത്യത എപ്രകാരമാണ് ഉറപ്പാക്കിയതെന്ന് വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 10/13/03/2023 ന് വാടക ഡിമാൻറ് രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്

വാടക രജിസ്റ്റർ രേഖപ്പെടുത്തലുകൾ കൃത്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13-6 മുറികൾ ഒഴിഞ്ഞു കിടക്കുന്നു

എ). വാടക രജിസ്റ്റർ പ്രകാരം 11/85, 5/297A, 5/298A, 13/217 To 220, 11/69, 11/270, വണ്ടിത്താവളം, 5/298B, 5/298C, 5/299A എന്നിവ നിലവിൽ ഒഴിഞ്ഞുകിടക്കുന്നു . മുറികൾ ഒഴിച്ചിട്ടതുമൂലം വാടകയിനത്തിൽ ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടമാകുന്നു. വാടകമുറികൾ പുനർലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 10-13/03/2023)

ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള 9 വാടക മുറികളുടെ ലേലനടപടികൾ 15.06.2022 തീയതിയിൽ കൈകൊള്ളുകയും, ഏറ്റവും കൂടുതൽ ലേലസംഖ്യ വിളിച്ച ആളുകളുടെ പേരിൽ ലേലം 25.07.2022 തീയതിയിലെ 4(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ലേലം കൈകൊണ്ട മുറികളുടെ അറ്റകുറ്റപണികൾ, പഞ്ചായത്ത് അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതി മുഖേന ചെയ്യേണ്ട മെയിന്റനൻസ്, ചെയ്തിട്ടില്ലാത്തതിനാൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് ലേലം കൈകൊണ്ടവർ രേഖാമൂലം അറിയിച്ചിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിനായ് അജണ്ട ഉൾപ്പെടുത്തി ഫെബ്രുവരി 2023 മാസത്തെ യോഗത്തിൽ ചർച്ച ചെയ്തുവെങ്കിലും അടുത്ത യോഗത്തിലേക്ക് മാറ്റിവെക്കുകയാണുണ്ടായത്. 2023 മാർച്ച് മാസത്തെ 20ം തീയതിക്കുശേഷം കൂടുന്ന യോഗതീരുമാനത്തിന് അനുസൃതമായി നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടിയും ലഭ്യമാക്കിയിട്ടുണ്ട്. വണ്ടിത്താവളവുമായി ബന്ധപ്പെട്ട് വാടകയിനത്തിൽ ലഭിക്കേണ്ടിയിരുന്ന വരുമാനനഷ്ടം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ബി). നിലവിൽ വാടകയ്ക്ക് നല്കാത്തതും അതിനനുയോജ്യമല്ലാത്ത കെട്ടിടങ്ങൾക്ക് ആവശ്യമായ അറ്റകുറ്റപണി നടത്തി വാടകയ്ക്ക് നൽകുവാനും വേണ്ട നടപടി സ്വീകരിക്കാൻ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ. 1-12-1 ൽ നിർദ്ദേശിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന്

2022-23 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി മെയിന്റനൻസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

വിനോദ സഞ്ചാരികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഇത്തരം കെട്ടിടങ്ങളെ മാറ്റിയെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

1-13-7 വാടക കുടിശ്ശിക - ഈടാക്കിയിട്ടില്ല

2021-22 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിശ്ശികയായി 1406808/- രൂപയും തൻവർഷം 556210/- രൂപയും പിരിച്ചെടുക്കാനുണ്ട്. വാടകയിനത്തിൽ കെ.എസ്.ഇ.ബി യിൽ നിന്നും 2008 മുതലുള്ള കുടിശ്ശിക ഈടാക്കാനുണ്ട് . 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖ. 1-12-4 ഈ സ്ഥാപനത്തിന്റെ വാടക കുടിശ്ശിക ഈടാക്കാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 2023 മാർച്ച് വരെ കുടിശ്ശികയായി 7,46,136/- രൂപ പിരിച്ചെടുക്കാനുണ്ട്.

പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ വാടകയിനത്തിലെ വരവ് കൃത്യമായി ഈടാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം 10/13/03/2023)

വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

2008 മുതലുള്ള വാടക കുടിശ്ശിക കെ.എസ്.ഇ.ബി യിൽ നിന്നും ഈടാക്കേണ്ടതാണ്.

കുടിശ്ശിക ഉൾപ്പടെയുള്ള വാടക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ വാടക കെട്ടിടങ്ങളിൽ നിന്നും അർഹതപ്പെട്ട വരുമാനം ഉറപ്പു വരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

1-13-8 മൊബൈൽ ടവർ സ്ഥാപിക്കുന്നതിന് സ്ഥലം പാട്ടത്തിനു നല്കിയതിന് വാടക ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന്റെ കോമ്പൌണ്ടിനകത്ത് പ്രവർത്തിക്കുന്ന ജിയോ ടവറിന്റെ (Summit Digitel Infra Structure PVT Ltd) ബന്ധപ്പെട്ട പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ ( എ2- 1144/2021) 4-10-2021 ന് A2- BA241445)2021 നമ്പർ പെർമിറ്റ് ടവറിന് അനുവദിച്ചിട്ടുണ്ട്. പെർമിറ്റ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ള 29.07.2021 തീയതിയിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും Summit Digitel Infra Structure PVT Ltd തമ്മിലുള്ള എഗ്രിമെന്റ് (നമ്പർ 3/2021 ) പ്രകാരം 20 വർഷത്തേക്കാണ് റീ സർവ്വേ നമ്പർ 37/2-1, 36/4-1, 67/3-1 ഉൾപ്പെട്ട 3488 സ്ക്വയർ ഫീറ്റ് സ്ഥലം 27.07.2021 മുതൽ 27.07.2041 വരെ പാട്ടത്തിനു നല്കിയിട്ടുള്ളത്. 80.91 ച .മീ വിസ്തീർണ്ണത്തിന് ഈ ടവറിന് 3/237 നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പാട്ടത്തിനു നല്കിയ സ്ഥലത്തിന്റെ വാടക സംബന്ധിച്ച വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തുകയോ നാളിതുവരെ സ്ഥലത്തിന്റെ വാടക ഈടാക്കുകയോ ചെയ്തിട്ടില്ല.

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 8 (പഞ്ചായത്തിൽ നിക്ഷിപ്തമായ വസ്തുക്കളുടെ കൈമാറ്റം) ലെ ഉപചട്ടം (2) പ്രകാരം പഞ്ചായത്തിത്തിൽ നിക്ഷിപ്തമായ വസ്തുക്കൾ അവ കൈവശം വയ്ക്കുന്നതിനുള്ള നിബന്ധനകളുടെ ലംഘനം ഇല്ലാത്ത വിധത്തിൽ പഞ്ചായത്തിന് പാട്ടത്തിന് നല്കാവുന്നതാണ്. കൈമാറ്റം ചട്ടങ്ങളിലെ ഫോറം IV ലെ നിബന്ധനകൾക്കനുസൃതമായിരിക്കേണ്ടതാണ്.

സ്ഥലം പാട്ടത്തിനു നല്കിയതിന് വാടക ഈടാക്കാത്തിന്റെ കാരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 10/13/03/2023 ന് കോവിഡ് മഹാമാരിയോടനുബന്ധിച്ച് നെല്ലിയാമ്പതി തോട്ടം തൊഴിലാളികളുടെ മക്കൾക്കും ആദിവാസി കോളനികളിലെ കുട്ടികൾക്കും ഓൺലൈൻ പഠന സൗകര്യത്തിന് നെമ്മാറ എം.എൽ.എ, ജില്ലാകളക്ടർ എന്നിവരുടെ നേതൃത്വത്തിൽ വിവിധ രാഷ്ട്രീയ കക്ഷികളുടെയും ജനപ്രതിനിധികളുടെയും യോഗം വിളിക്കുകയും, നിലവിലുള്ള ബിഎസ്എൻഎൽ ടവറിൽ നെറ്റ് സൌകര്യം ലഭിക്കാത്തതിനാലാണ് പുതിയ ഒരു ടവർ സ്ഥാപിച്ചതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ 21/06/2021-ലെ 4(6)-ാം നമ്പർ തീരുമാനപ്രകാരം ടവർ സ്ഥാപിക്കുന്നതിന് തീരുമാനം എടുത്തതെന്ന മറുപടിയും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിൽ വാടക സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ലാത്തതിനാൽ ജിയോടവറിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളതും 20 വർഷത്തേക്ക് എഗ്രിമെൻറ് വെച്ചിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് കമ്മിറ്റി പുതിയ തീരുമാനം എടുത്തു വാടക നിശ്ചയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

പാട്ടത്തിനു നല്കിയ പ്രസ്തുത സ്ഥലത്തിന് റവന്യൂ അധികാരികളുടെ വാല്യുയേഷന്റെ അടിസ്ഥാനത്തിൽ വാടക നിശ്ചയിക്കുകയും കരാർ പുതുക്കി, വാടക വ്യവസ്ഥ ഉൾപ്പെടുത്തി വാടക ഈടാക്കേണ്ടതുമാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-14 എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ട് ഇല്ലാതെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു

കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ സംബന്ധിച്ച് 2-12-2015 തീയതിയിലെ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 12900/ആർ.എ1/എ1/2015/തസ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണ അപേക്ഷകൾ പരിശോധിക്കുന്നതിൽ കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനാണ് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. ആയത് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കർശനമായി പാലിക്കേണ്ടതുമാണ്.

കെട്ടിട നിർമ്മാണ അപേക്ഷകൾ (പെർമിറ്റ്/ ക്രമവത്കരണം /ഒക്യുപെൻസി) നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ, പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം / ഉപയോഗം വിസ്തീർണ്ണം, എഫ്.എസ്.ഐ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത റിപ്പോർട്ടിൽ സ്ഥലപരിശോധന നടത്തിയാണ് അളവുകളും അതിരുകളും തിട്ടപ്പെടുത്തുന്നത്. സ്ഥലത്തിന്റെ പേര് , വാർഡ് നമ്പർ, സർവ്വേ/റീ സർവ്വേ നമ്പർ, വിസ്തൃതി, വഴിയുടെ വീതി, സ്ഥലത്തിന്റെ തരം , ചുറ്റു വട്ടത്തെ വികസനം, പെർമിറ്റ് ഫീസ് സംബന്ധിച്ച കണക്കാക്കലുകൾ, പെർമിറ്റ് അനുവദിക്കുന്നതു സംബന്ധിച്ച കൃത്യമായ ശുപാർശയും ഉൾപ്പെടുത്തേണ്ടതാണ്. അംഗീകൃത പ്ലാനിൽ പെർമിറ്റ് നമ്പർ, തീയതി, വ്യവസ്ഥകൾ , കാലാവധി, നിരാക്ഷേപ പത്രങ്ങളുടെ വിവരങ്ങൾ അംഗീകാരം നല്കുന്ന ഉദ്യോഗസ്ഥരുടെ ഒപ്പ് പേരു വിവരങ്ങളും രേഖപ്പെടുക്കേണ്ടതാണ്.

പെർമിറ്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | അപേക്ഷ നമ്പർ/ തീയതി | അപേക്ഷകന്റെ പേര് | ഉപയോഗക്രമം | പെർമിറ്റ് നമ്പർ/ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | എ2-597/21 തീ 10/06/21 | ജോസഫ് എബ്രഹാം മാനേജിംഗ് പാർട്ണർ സീനത്ത് എസ്റ്റേറ്റ് | റെസിഡൻഷ്യൽ കോട്ടേജ് കോട്ടേജ്- 1 = 86.5 ച.മീ കോട്ടേജ്- 2= 33.4ച.മീ | എ2-111/21 തീ 10/06/21 |
| 2 | എ2-1193/21 തീ 30/09/21 | ജോസഫ് എബ്രഹാം മാനേജിംഗ് പാർട്ണർ സീനത്ത് എസ്റ്റേറ്റ് | റെസിഡൻഷ്യൽ കോട്ടേജ്) കോട്ടേജ്- 1 = 86.5 ച.മീ കോട്ടേജ്- 2= 86.50 ച.മീ കോട്ടേജ്- 3= 33.40 ച.മീ | എ2-3/21 തീ 5/10/21 |
| 3 | എ2-1300/21 തീ 29/09/21 | ജോസഫ് എബ്രഹാം മാനേജിംഗ് പാർട്ണർ സീനത്ത് എസ്റ്റേറ്റ് | റെസിഡൻഷ്യൽ കോട്ടേജ് കെട്ടിട നമ്പർ 1/189 ബിൽഡിംഗ് ഏരിയ – 187.98 ച.മീ | എ2-6/21 തീ 2/11/21 |

മേൽ സൂചിപ്പിച്ച പെർമിറ്റ് ഫയലുകൾ സങ്കേതം സോഫ്റ്റ് വെയർ മുഖേനയല്ല സ്വീകരിച്ചിട്ടുള്ളത്. എൽ. എസ്. ജി. ഡി വിഭാഗത്തിന് ഫയൽ കൈമാറാതെ പെർമിറ്റ് ഫീസ് മാത്രം ഈടാക്കിയാണ് ബിൽഡിംഗ് പെർമിറ്റ് സെക്രട്ടറി അനുവദിച്ചിട്ടുള്ളത്.

10/06/21 തീയതിയിലെ എ.2-111/2021 നമ്പർ പെർമിറ്റ് പ്രകാരം 2 റെസിഡൻഷ്യൽ കോട്ടേജിന് പെർമിറ്റ് അനുവദിച്ചതിൽ 86.5 ച. മീ വിസ്തീർണ്ണമുള്ള ഒരു കോട്ടേജിന് നിർമ്മാണം പൂർത്തിയാവുകയും ആയതിന് 1/191 കെട്ടിട നമ്പർ അനുവദിച്ചിട്ടുമുണ്ട്.

സാങ്കേതിക വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട് ഇല്ലാതെ പെർമിറ്റ് അനുവദിച്ചതിനുള്ള വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം 6/08/03/2023 ന് മറുപടിയിൽ എൽ.എസ്.ജി.ഡി എഞ്ചിനീയർ & ഓവർസീയറുടെ സേവനം ലഭ്യമല്ലാത്തതിനാലാണ് സെക്രട്ടറിയും അന്നത്തെ ക്ലാർക്കും നേരിട്ട് അന്വേഷണം നടത്തിയതെന്നാണ് അറിയിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിൽ എഞ്ചിനീയർ & ഓവർസീയർ എന്നിവരുടെ തസ്തികയുണ്ടായിട്ടും അവരുടെ സേവനം ലഭ്യമായില്ല എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. മാനദണ്ഡങ്ങൾ പാലിച്ചാണോ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതെന്ന് പുനരന്വേഷണം നടത്തി റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 തൊഴിൽനികുതി പിരിവ് -കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഓരോ അർദ്ധ വർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽ നികുതി

ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1-15-1 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 13 പ്രകാരം നികുതിദായകരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഉടമസ്ഥനോടോ, കൈവശക്കാരനോടോ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം ചുമത്താവുന്ന നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.എന്നാൽ ഗ്രാമപഞ്ചായത്തിന്റ പല സ്ഥാപനങ്ങളിൽ നിന്നും ലിസ്റ്റ് ആവശ്യപ്പെടുകയോ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായോ കാണുന്നില്ല.

ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അനുവദിച്ചിട്ടുള്ളത് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ◌എ. ടി. എൽ ഹോളിഡേസ് & റിസോർട്ട് | റസ്റ്റോറന്റ് & ലോഡ്ജ് | 7 |
| 2 | ജോതിസ് റിട്രീറ്റ്, പുലയമ്പാറ | ലോഡ്ജ് | 3 |
| 3 | കൈലാസ് എസ്റ്റേറ്റ് , കൊട്ടയങ്ങാടി | റിസോർട്ട്& റസ്റ്റോറന്റ് | 6 |
| 4 | മിന്നാമ്പാറ എസ്റ്റേറ്റ് (ഗ്രാന്റ് ഹെറിട്ടേജ് ) | റസ്റ്റോറന്റ് & ലോഡ്ജ് | 2 |
| 5 | റാണിമേട് എസ്റ്റേറ്റ് | റസ്റ്റോറന്റ് & ഹോംസ്റ്റേ | 4 |
| 6 | ഓറഞ്ച് വാലി | ലോഡ്ജ് | 2 |
| 7 | റോബിൻ കോട്ടേജ് | ലോഡ്ജ് | 1 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 9/10/03/2023 ന് ഓഡിറ്റ് പരാമർശത്തിൽ ഉള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-15-2 ക്ഷീരോൽപാദക സഹകരണ സംഘത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പുലയമ്പാറ ക്ഷീരോർപാദക സഹകരണ സംഘത്തിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം 9/10/03/2023 )

പുലയമ്പാറ ക്ഷീരോൽപാദക സഹകരണ സംഘത്തിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-15-3 എസ്റ്റേറ്റ് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലെ എസ്റ്റേറ്റ് ജീവനക്കാരുടെ (60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുള്ള) തൊഴിൽ നികുതി റിട്ടേണുകളുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ 2020-21 ഓഡിറ്റ് റിപ്പോർട്ട് ( KSA-PKD.18/1589/22 തീയ്യതി:27/07/2022) ഖ 1-14-3 നിർദ്ദേശിച്ചിരുന്നു. ആയത് പാലിച്ചു കാണുന്നില്ല. (ഓഡിറ്റ് അന്വേഷണം 9-10/03/2023 )

ഗ്രാമപഞ്ചായത്ത് പരിധിയിലെ എസ്റ്റേറ്റ് ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിനായി ഫെബ്രുവരി 2023 ഭരണസമിതിയോഗത്തിൽ ചർച്ച ചെയ്യുകയും തീരുമാനം ആകാതെ അടുത്ത ഭരണസമിതിയിലേക്ക് മാറ്റി വെക്കുകയാണുണ്ടായതെന്നും ആയതിനുശേഷം മാർച്ച് മാസത്തിലെ യോഗം കൂടുന്നതിനുള്ള തീയതി നാളിതുവരെ ഫിക്സ് ചെയ്തിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. തോട്ടം തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-15-4 തൊഴിൽനികുതി ട്രേഡേഴ്സ് -രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നില്ല

ഗ്രാമ പഞ്ചായത്ത് പ്രസിദ്ധികരിച്ച 2021- 22 വർഷത്തെ ദുരന്തനിവാരണ രേഖയിൽ 13 വാർഡുകളിലുമായി പഞ്ചായത്ത് പരിധിയിൽ 127 വ്യവസായങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ട്രേഡേഴ്സ് രജിസ്റ്ററിൽ 60 സ്ഥാപനങ്ങളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ലൈസൻസ് രജിസ്റ്റർ പ്രകാരം 54 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. വാർഡ് അടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ വിവരങ്ങൾ, പ്രൊഫഷണലുകളെ സംബന്ധിക്കുന്ന വിവരങ്ങൾ എന്നിവയും കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. (ഓഡിറ്റ് അന്വേഷണം 9/10/03/2023 )

ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കുന്നതിനും, വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾകൊള്ളിച്ച് കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളില്ല എന്നും ലൈസൻസ് എടുത്തിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

### 1-16 വസ്തു നികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

വസ്തു നികുതി പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ തുടർഖണ്ഡികളായി ചേർക്കുന്നു.

### 1-16-1 കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന എം.എസ്.എം.ഇ കളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യണം

പുതിയതായി ആരംഭിക്കുന്ന എം.എസ്.എം.ഇ കളുടെ കാര്യത്തിൽ 2019 ലെ കേരള എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്ട് പ്രകാരം ജില്ലാതലത്തിലുള്ള നോഡൽ ഏജൻസിക്ക് അപേക്ഷ സമർപ്പിച്ച്

കൈപ്പറ്റു സാക്ഷ്യപത്രം ലഭ്യമാക്കുകയാണെങ്കിൽ വിവിധ അനുമതികളിൽ നിന്നും പരിശോധനകളിൽ നിന്നും മൂന്നു വർഷം വരെ അവയെ ഒഴിവാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ്, ലൈസൻസ് എന്നിവയിൽ നിന്നും ഇതനുസരിച്ചുള്ള ഒഴിവ് ലഭിക്കുന്നതാണ്. വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ നിമയപ്രകാരം ഒഴിവാക്കിയിട്ടില്ല. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ 2 എം.എസ്.എം.ഇ കൾ വ്യവസായ വകുപ്പിന്റെ ഏകജാലക സംവിധാനമായ KSWIFT പോർട്ടൽ വഴി രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് സാക്ഷ്യപത്രം നേടി പ്രവർത്തിക്കുന്നതായി വ്യവസായ വകുപ്പിലെ താത്കാലിക ഉദ്യോഗസ്ഥ( ഇന്റേൺ )അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റിന്റെ പേര് | യൂണിക്ക് ഐ.ഡി | ഉടമയുടെ പേര് |
|---|---|---|
| അമ്മ ഓൺലൈൻ സർവ്വീസ് സെന്റർ | KLMSME-9659/ 2022 | ബീന |
| ജെന്നീഫർ ടൈലറിംഗ് | KLMSME-5196/2022 | ലബീന .എച്ച് |

ഈ സ്ഥാപനങ്ങളുടെ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 21/14-03-2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കെ-സ്വിഫ്റ്റ് പോർട്ടൽ വഴി രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് സാക്ഷ്യപത്രം ലഭ്യമാക്കി പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളെ കണ്ടെത്തി വസ്തു നികുതി ചുമത്തുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്. തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16-2 സഞ്ചയ ഡാറ്റാബേസിലെ എം.എസ്.എം.ഇ കളുടെ വിവരം കൃത്യമല്ല

സഞ്ചയ ഡാറ്റാബേസിൽ ഗ്രാമപഞ്ചായത്തിൽ എം.എസ്.എം.ഇ ഒന്നും തന്നെ ഉൾപ്പെട്ടിട്ടില്ല. എന്നാൽ വ്യവസായ വകുപ്പിലെ താത്കാലിക ഉദ്യോഗസ്ഥ(ഇന്റേൺ) ഓഡിറ്റിനെ നേരിട്ട് വിവരം അറിയിച്ചനുസരിച്ച് ഗ്രാമപഞ്ചായത്തിൽ 12 എം.എസ്.എം.ഇ കൾ അടുത്തിടെ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടി പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലെയും എം.എ.സ്എം.ഇ കളുടെ കണക്ക് ശേഖരിച്ച് ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് 2006 ലെ എം.എസ്.ഇം.ഇ.ഡി ആക്റ്റ് അനുസരിച്ചുള്ള കാറ്റഗറിയിൽ പ്രസ്തുത സ്ഥാപനങ്ങളെ ഉൾപ്പെടുത്തുവാൻ സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും വസ്തുനികുതി പുന:ക്രമീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം 21/14/03/2023)

## 1-16-3 അനധികൃത കെട്ടിടത്തിന് സാധാരണ കെട്ടിടത്തിന് നൽകുന്ന രീതിയിൽ കെട്ടിട നമ്പർ നൽകി

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടം നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിടനമ്പർ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ള്യൂ വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുകയോ നിർമ്മാണം ക്രമവൽക്കരിക്കുകയോ ചെയ്യുന്നതുവരെ ഇപ്രകാരം

വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.
നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നമ്പർ നൽകേണ്ടത് സാധാരണ കെട്ടിട നമ്പർ നൽകുന്ന രീതിയിലായിരിക്കരുത്. പ്രസ്തുത കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമെന്ന് സൂചിപ്പിക്കുന്ന "യു.എ" എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്. സഞ്ചയ ഡാറ്റ പ്രകാരം നിലവിൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട 11/262 കെട്ടിടത്തിന് എന്ന കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതാണെങ്കിലും UA എന്നത് ചേർത്തല്ല നമ്പർ അനുവദിച്ചിട്ടുള്ളത്. ഓഡിറ്റ് അന്വേഷണം 21/14/03/2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
സഞ്ചയ ഡാറ്റാ ബേസിൽ പ്രസ്തുത കെട്ടിട നമ്പറിന് UA എന്നും വർഷവും രേഖപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്.

## 1-16-4 വിവരശേഖരണം നടത്താതെ കെട്ടിട നമ്പർ അനുവദിച്ചു

2011 ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം കെട്ടിട ഉടമ ഫോറം 2 ൽ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതാണ്. ചട്ടം 12 ൽ ഒരു കെട്ടിടത്തെ സംബന്ധിച്ച് സ്ഥലത്തു പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുന്നതിന് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താവുന്നതും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താത്ത പക്ഷം സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതുമാണ്. ചട്ടങ്ങൾക്കനുസൃതമായി വസ്തു നികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. ഫോറം 6 ൽ വിവരങ്ങൾ ശേഖരിക്കേണ്ടതുമാണ്.

ജോസഫ് എബ്രഹാം, മാനേജിംഗ് പാർട്ണർ, സീനത്ത് എസ്റ്റേറ്റ് എന്നവർക്ക് 10.06.2021 തീയതിയിലെ എ.2-111/2021 നമ്പർ പ്രകാരം 2 റെസിഡൻഷ്യൽ കോട്ടേജിന് നിർമ്മാണ പെർമിറ്റ് അനുവദിച്ച (എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട് ഇല്ലാതെ) 86.5 ച. മീ വിസ്തീർണ്ണമുള്ള ഒരു കോട്ടേജിന് നിർമ്മാണം പൂർത്തിയായതിന് കെട്ടിട നമ്പർ 1/191 അനുവദിച്ചിട്ടുണ്ട്. (ഫയൽ നമ്പർ എ2-234/2022 തീ 9/02/22) കോട്ടേജ് എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി 2ാം അർദ്ധ വർഷത്തിന്റെ കെട്ടിട നികുതി 9/02/22 ന് 1453/- രൂപ ഈടാക്കിയിട്ടുണ്ട്. നിലവിൽ ഈ കെട്ടിടം റിസോർട്ട് എന്ന ഉപയോഗക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ ചട്ടപ്രകാരം ഫോറം 6 ൽ വിവര ശേഖരണം നടത്താതെയാണ് സഞ്ചയ ഡാറ്റാ ബേസിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുള്ളത്.

വിവര ശേഖരണം നടത്താതെ കെട്ടിട നമ്പർ അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 21/14/03/2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ കെട്ടിടത്തിന്റെ വിവരശേഖരണം നടത്തേണ്ടതും നികുതി നിർണ്ണയ സ്റ്റേറ്റ്മെന്റ് ( ഫാം 6) ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-16-5 വസ്തുനികുതി കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ 2021-22 സാമ്പത്തിക വർഷാവസാനത്തിൽ റെസിഡൻഷ്യൽ കെട്ടിടങ്ങളിൽ നിന്നും തൻവർഷം 101361/- രൂപ പിരിച്ചെടുക്കാനുണ്ട്. നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതിയിനത്തിൽ തൻ വർഷം 1243987/ - രൂപയും പിരിച്ചെടുക്കാനുണ്ട്. കുടിശ്ശികയായി റെസിഡൻഷ്യൽ കെട്ടിടങ്ങളിൽ നിന്ന് 572424/- രൂപയും നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളിൽ നിന്നും 1243987/- രൂപയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കാണുന്നു.
വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 21/14/03/2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
വസ്തു നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - കമ്പ്യൂട്ടർ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് | 93/22- പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും |

| | |
|---|---|
| | വാങ്ങൽ (SO) |
| അടങ്കൽ | 2,36,835/- വികസന ഫണ്ട് -പൊതുവിഭാഗം, |
| ചെലവ് / ബിൽ നം. | 2,21,835/-<br>09/16.06.21 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

2020-21 സാമ്പത്തിക വർഷം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്ന പദ്ധതി (പ്രോജക്ട് നമ്പർ-47/21) പ്രകാരം അഞ്ച് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് 52,633/- നിരക്കിൽ 2,63,165/- രൂപ മുൻകൂർ ആയി കെൽട്രോണിന്റെ ഇൻവോയ്സ് നമ്പർ 20140652004500977051 തിയതി 21/01/2021 പ്രകാരം നൽകിയിരുന്നുവെങ്കിലും കമ്പ്യൂട്ടർ ലഭ്യമായിരുന്നില്ല. കമ്പ്യൂട്ടറുകളുടെ നിരക്ക് 52,633/- രൂപയിൽനിന്നും 50,616/- രൂപയായി കുറവ് വന്നിട്ടുള്ളതായി കെൽട്രോൺ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 2021-22 സാമ്പത്തിക വർഷം അധികമായി മൂന്ന് കമ്പ്യൂട്ടറുകൾ ഉൾപ്പെടെ ആകെ 8 കമ്പ്യൂട്ടറുകൾക്ക് (8x50616=404928) കഴിഞ്ഞ സാമ്പത്തിക വർഷം നൽകിയ 2,63,165/- രൂപ നൽകിയതിൽ ബാക്കി തുകയായ 1,41,763/- രൂപയും പുതിയതായി നാല് പ്രിന്ററുകൾ കൂടി വാങ്ങുന്നതിന് പ്രിന്ററിന്റെ വിലയായ 80,072/- രൂപയും കൂടി ആകെ 2,21,835/- രൂപ 15/06/2021 കേരള ഐറ്റി മിഷന്റെ എസ് റ്റി എസ് ബി അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ( ആകെ നൽകിയ തുക 2,63,165 +2,21,835= 4,85,000/- രൂപ മുൻവർഷം ഉൾപ്പെടെ)

എന്നാൽ കെൽട്രോണിൽനിന്നും നാളിതുവരെ 7 കമ്പ്യൂട്ടറും 4 പ്രിന്ററുമാണ് ലഭ്യമായിട്ടുള്ളത്. ഇവ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലഭിക്കാൻ ബാക്കിയുള്ള 1 കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരങ്ങൾ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. (20/14.03.22) ന് മറുപടി ലഭ്യമായിട്ടില്ല.

1-18 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്- പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് | 18/22-പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം |
| അടങ്കൽ | 1,88,000/-<br>വികസനം ഫണ്ട്-SCP |
| ചെലവ് | 1,25,994/-<br>നം. 9/30-3-22, |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

2021-22ൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടിലൂടെ 8 വിദ്യാർത്ഥികൾക്ക് മേൽസൂചിപ്പിച്ച പ്രകാരം ലാപ്പ്ടോപ്പ് വാങ്ങി നല്കിയിട്ടുണ്ട്. സ.ഉ നം. 22/2018/ത.സ്വ.ഭ.വ/ 14.02.2018 സബ്സിഡി മാർഗ്ഗരേഖ 7-2-8 അനുസരിച്ച് ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് ഡിപ്ലോമ, എഞ്ചിനീയറിംഗ് മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ്, ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾ പഠിക്കുന്ന എസ്. സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വാങ്ങി നല്കാവുന്നതാണ്. ഇതിൻ പ്രകാരം ലാപ്പ്ടോപ്പ് ലഭ്യമായ വിദ്യാർത്ഥികളുടെ കോഴ്സ് കാലാവധി പരിശോധിച്ചതിൽ കോഴ്സ് കാലാവധി അവസാനിച്ചതിന്ശേഷമാണ് വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് ലഭ്യമായിട്ടുള്ളത് എന്ന് കാണുന്നു. വിദ്യാർത്ഥികളുടെ പഠന സൗകര്യത്തിനായി നൽകുന്ന ലാപ്പ്ടോപ്പ് അവരുടെ ആവശ്യങ്ങൾക്ക് ഉപകരിക്കുന്നില്ല എന്ന് മാത്രമല്ല പദ്ധതിയുടെ ലക്ഷ്യത്തിൽനിന്നും വ്യതിചലിച്ച് പോകുന്ന അവസ്ഥയാണ് ഉള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | കോഴ്സ് കാലാവധി | വിദ്യാർത്ഥിക്ക് ലാപ്പ്ടോപ്പ് വിതരണം തിയതി |
|---|---|---|---|
| 1 | സഞ്ജയ് | 2019 To 2022 March | 23.07.2022 |
| 2 | ദീപ | 2019 To 2022 March | 29.12.2022 |
| 3 | അനുപമ | 2019 To 2022 March | 29.12.2022 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/14.03.22) മറുപടിയായി വരുംവർഷങ്ങളിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര നൽകൽ- ആർട്ട്കോ യിൽനിന്ന് നേരിട്ട് വാങ്ങിയത് ക്രമപ്രകാരമല്ല

| | |
|---|---|
| പ്രോജക്ട് | 72/22-പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര |
| അടങ്കൽ | 1,00,000/- വികസന ഫണ്ട്- SCP |
| ചെലവ് / ബിൽ നം. | 99,700/- നം. 7/26-3-22, |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പ്രോജക്ട് പ്രകാരം താഴെ പറയുന്ന ഫർണീച്ചറുകൾ ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ക്യാഷ് ബിൽ നം. 490/22-03-22 പ്രകാരം 99,700 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | Steel Table, One Drawer And Cupboard On Right Side With Novopan Top 36 X 18 X 20 -22G -12 KG | 20 |
| 2 | Steel Chair Cushioned | 20 |

മേൽ പ്രോജക്ട് നടപ്പാക്കിയതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1) സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമാണോ എന്ന് പരിശോധിച്ച് ഇല്ലെങ്കിൽ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമല്ല എന്ന് രേഖപ്പെടുത്തിയതായി കാണുന്നില്ല.

2) സ.ഉ (ആർ.ടി) നം.1/2021/SPD തി. 05-01-2021 പ്രകാരം ആർട്ട്കോയിൽ നിന്നും നേരിട്ട് ഫർണീച്ചറുകൾ വാങ്ങുന്നതിനുള്ള അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിലെ ഖണ്ഡിക 4 ൽ വാങ്ങൽ നടത്തുന്ന കാലയളവിൽ സ്ഥാപനത്തിന്റെ റേറ്റ് കോൺട്രാക്ട് നിലവിലുണ്ടെന്ന് വാങ്ങൽ നടത്തുന്ന

ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തണമെന്നും വാങ്ങുന്ന ഇനം ARTCO നിർമ്മിച്ചതാണെന്നുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്നും റേറ്റ് കോൺട്രാക്ട് അനുവദിച്ചിട്ടുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ വാങ്ങുമ്പോൾ സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരം ക്വട്ടേഷൻ/ടെണ്ടർ മുഖേന വാങ്ങേണ്ടതാണെന്നും പ്രസ്തുത ടെണ്ടറിൽ ആർട്കോയ്ക്കും പങ്കെടുക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. വാങ്ങിയിട്ടുള്ള മേൽ ഫർണീച്ചറുകളിൽ ക്രമ നം. 2 പ്രകാരമുള്ള ഇനം ARTCO യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്തതാണ്. പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണീച്ചറുകൾ ടെണ്ടർ/ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ ആർട്കോയിൽ നിന്നും നേരിട്ട് വാങ്ങിയത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ് .

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/14.03.22) മറുപടിയായി വരുംവർഷങ്ങളിൽ വാങ്ങൽ പ്രകിയയിൽ സർക്കാർ നിർദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് നടത്തുന്നതാണ് എന്ന അറിയിച്ചിട്ടുണ്ട്.

## 1-20 സാമൂഹിക സുരക്ഷ മിഷന് സംഭാവന- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | 39/22- സാമൂഹിക സുരക്ഷ മിഷന് സംഭാവന |
| അടങ്കൽ | 5,00,000/- വികസന ഫണ്ട് -പൊതുവിഭാഗം |
| ചെലവ് / ബിൽ നം. | 5,00,000/- നം. 7/19-3-22, |
| നിർവഹണ ഉദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |

മേൽ പ്രോജക്ട് പ്രകാരം സാമൂഹിക സുരക്ഷാമിഷന് 5,00,000/- രൂപ കൈമാറിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം. 2983/2014/തസ്വഭവ 17.11.14 പ്രകാരം ഇപ്രകാരം സംഭാവനയായി നൽകുന്ന തുകയ്ക്ക് സാമൂഹിക സുരക്ഷാമിഷനിൽനിന്നും ധനവിനിയോഗ സാക്ഷ്യപത്രം വാങ്ങേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/14.03.22) മറുപടിയായി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് സാമൂഹിക സുരക്ഷ മിഷന് കത്ത് നൽകിയിട്ടുണ്ട് എന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

## 1-21 ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നല്കൽ- മുഴുവൻ ഉപകരണങ്ങളും വിതരണം ചെയ്തിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | 38/22- ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ |
| അടങ്കൽ | 2,00,000/- വികസന ഫണ്ട് -പൊതുവിഭാഗം |
| ചെലവ് / ബിൽ നം. | 1,99,923/- നം. 12/30-3-22, |
| നിർവഹണ ഉദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |

ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണം എന്ന പദ്ധതി നിർവഹണത്തിനായി കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വിവിധ ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. 19 ഗുണഭോക്താക്കൾ ഉള്ളതിൽ 18 പേർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 1 ഗുണഭോക്താവ് മരണപ്പെട്ടതിനാൽ ഇവർക്ക് ഉപകരണം വിതരണം ചെയ്യാൻ കഴിയാതെ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. മേൽ ഉപകരണം വാങ്ങിയ സ്ഥാപനത്തിന്

തിരിച്ചേൽപ്പിച്ച് ഉപകരണത്തിന്റെ വില തിരികെ വാങ്ങേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/14.03.22) മറുപടിയായി മേൽ ഉപകരണം സംസ്ഥാന വികലാംഗ കോർപ്പറേഷന് തിരികെ നൽകി ആയതിന്റെ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

1-22 ജി.എസ്.ടി ടിഡിഎസ് തുക ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | 13/22- അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | 10,00,000/- വികസന ഫണ്ട് -പൊതുവിഭാഗം |
| ചെലവ് / ബിൽ നം. | ചെലവ്- 9,98,940/- രൂപ<br>ബിൽ നം. നം.<br>1/29.09.21<br>2/29.09.21<br>3/12.11.21<br>5/18.08.22<br>6/19.03.22<br>9/25.03.22<br>10/25.03.22<br>11/25.03.22 |
| നിർവഹണ ഉദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |

മൂന്ന് പ്രൊജക്ടുകൾ പ്രകാരം 8 ബില്ലുകളിലായി അങ്കണവാടി പോഷകാഹാരത്തിനായി ചെലവഴിച്ചിട്ടുള്ള 9,98,940 രൂപയിൽ 6,94,205 രൂപ ഹരിത കുടുംബശ്രീ യൂണിറ്റ്, വലതല, നെമ്മാറ എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിനായാണ് ചെലവഴിച്ചിട്ടുള്ളത്.

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ സെക്ഷൻ 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. വാങ്ങലുകൾ നടത്തുമ്പോൾ കരാർ തുക 2.5 ലക്ഷം രൂപയിൽ അധികമാണെങ്കിൽ ബില്ലിൽ നിന്നും 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവു ചെയ്തതിനു ശേഷം മാത്രം തുക അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-23 ധാതുലവണ മിശ്രിതം- മുഴുവനും വിതരണം ചെയ്തിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | 50/22- ധാതുലവണ മിശ്രിതവും വിരമരുന്നും വാങ്ങൽ |
| അടങ്കൽ | 3,00,000/- വികസന ഫണ്ട് -പൊതുവിഭാഗം |
| ചെലവ് / ബിൽ നം. | 3,00,000/- നം. 12/30-3-22, |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

മേൽ പ്രോജക്റ്റ് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ധാതുലവണ മിശ്രിതം മുഴുവനും വിതരണം ചെയ്തിട്ടില്ല.

പശു വളർത്തുന്ന ക്ഷീര കർഷകർക്ക് നൽകുന്നതിനായി കേരള ഫീഡ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ധാതുലവണ മിശ്രിതം 3000 കിലോഗ്രാം ഒരു കിലോയ്ക്ക് 100 രൂപ നിരക്കിൽ ഇൻവോയ്സ് നം. KFL 430/ 99/2006/22 – തിയതി 09.03.22 പ്രകാരം വാങ്ങിയിട്ടുണ്ട്. ഇതിൽ 1950 കിലോഗ്രാം മിശ്രിതം ഒരു പശുവിന് 10 കിലോ എന്ന തോതിൽ 32 ക്ഷീര കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ആകെ 87 ഗുണഭോക്താക്കൾ ഉള്ളതിൽ 32 ഗുണഭോക്താക്കൾക്കായി 1950 കിലോ മിശ്രിതം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ബാക്കി 1050 കിലോ മിശ്രിതം വിതരണം ചെയ്യാതെ വെറ്ററിനറി ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു.

2. സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല.

കേരള ഫീഡ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ധാതുലവണ മിശ്രിതം വാങ്ങിയിട്ടുണ്ടെങ്കിലും മേൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

3. വർക്കിംഗ് ഗ്രൂപ്പ്, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവയിൽ തീരുമാനം എടുത്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

വർക്കിംഗ് ഗ്രൂപ്പ്, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ മേൽ വാങ്ങലുമായി ബന്ധപ്പെട്ട് തീരുമാനങ്ങൾ ഒന്നും എടുത്തതായി കാണുന്നില്ല. ആവശ്യകത നിർണ്ണയിക്കാതെ പ്രോജക്റ്റ് നടപ്പാക്കിയതിൻ മൂലം പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/14.03.22) വിതരണം ചെയ്യാതെ വെറ്ററിനറി ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന 1050 കിലോ മിശ്രിതം ഉടൻ തന്നെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് അറിയിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-24 കുടിവെള്ള പദ്ധതികളുടെ പരിപാലനം - കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 40 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് താഴെ പറയും പ്രകാരം തുകകൾ അടവാക്കിയിട്ടുണ്ട്.

| പ്രൊജക്റ്റ് നം. | ബിൽ നം./തിയതി | തുക |
|---|---|---|
| 07/22 | 47/30.12.21 | 102289 |
| | 56/07.02.22 | 60883 |
| | 60/07.03.22 | 47511 |
| | 68/22.03.22 | 67432 |
| | 34/29.10.21 | 307368 |
| 91/22 (Spill Over) | 10/29.06.21 | 65070 |
| | 15/29.06.21 | 64100 |
| ആകെ | | 7,14,653/- |

തനതു ഫണ്ട് പര്യാപ്തമല്ലാത്തതിനാൽ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) വകയിരുത്തിയാണ് തുക അടവാക്കിയിട്ടുള്ളത്. താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്നും മേൽ കുടിവെള്ള പദ്ധതികളിൽ എത്ര പൊതു ടാപ്പുകൾ ഉണ്ടെന്നും ഉള്ള വിവരങ്ങൾ, ഭൗതിക പരിശോധന നടത്തി ആകെയുള്ള കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നീ വിവരങ്ങൾ ലഭ്യമല്ല.

2.സ.ഉ.(സാ) നമ്പർ 1275/2009/ തസ്വഭവ തീയതി.30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചിട്ടില്ല.

3. കുടിവെള്ള പദ്ധതികളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

4. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാണോ എന്ന് പരിശോധിക്കുന്നതിനായി 13.03.2023 ൽ സ്ഥലപരിശോധന നടത്തിയതിൽ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമല്ല എന്ന് ബോധ്യപ്പെട്ടു. ലില്ലി എസ്റ്റേറ്റ് എന്ന കുടിവെള്ള പദ്ധതി പരിശോധിച്ചതിൽ ടി പദ്ധതിയിൽ 12.5 HP Motor, 5000 ലിറ്റർ ടാങ്ക് എന്നിവ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇതുവരെയായും ഇവ പ്രവർത്തിപ്പിച്ച് നോക്കിയിട്ടുപോലും ഇല്ല എന്ന് ബോധ്യപ്പെട്ടു. ഈ വിഷയത്തിൽ പഞ്ചായത്തിന്റെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാവേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/14.03.22) മറുപടി ലഭിച്ചിട്ടില്ല.

ഓഡിറ്റ് നിർദേശങ്ങൾ.

1.കുടിവെള്ള പദ്ധതികളുടെ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.
2.ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരം ഉറപ്പു വരുത്തേണ്ടതാണ്.
3.കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കേണ്ടതാണ്.
തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-25 ലൈഫ് മിഷൻ ഭവന നിർമ്മാണം എസ്.ടി- അക്രഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനത്തിന് അഡ്വാൻസ് തുക നൽകിയത് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് | 266/22- ലൈഫ് മിഷൻ ഭവന നിർമ്മാണം എസ്.ടി |
| അടങ്കൽ | 5,40,00,000/- വികസന ഫണ്ട് -പൊതുവിഭാഗം, ടി.എസ്.പി, സംസ്ഥാനാവിഷ്കൃതം, ബ്ളോക്ക് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് / ബിൽ നം. | 55,07,229/- 82/31.03.22വികസന ഫണ്ട് -പൊതുവിഭാഗം<br>49,00,000/- 81/31.03.22 വികസന ഫണ്ട് -പൊതുവിഭാഗം<br>3,21,000/- 80/31.03.22 ടി.എസ്.പി |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 22.02.2022 തിയ്യതിയിൽ ചേർന്ന യോഗത്തിലെ തീരുമാനംപ്രകാരം 2021 - 22 വർഷത്തെ 260/2021 22 നമ്പർ ലൈഫ് മിഷൻ ഭവന നിർമ്മാണം എന്ന പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസിയായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് എന്ന ഏജൻസിയെ അംഗീകരിച്ച് യോഗം തീരുമാനിക്കുകയും 1,07,28,229/- രൂപ അഡ്വാൻസായി ടി ഏജൻസിയ്ക്ക് മേൽ ബില്ലുകൾ പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ വിശദവിവരങ്ങൾ

പട്ടികവർഗ്ഗ വിഭാഗത്തിലെ 90 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 6.00 ലക്ഷം രൂപ വീതമാണ് നൽകുന്നത്. ഇതിനായി ആകെ 5.40 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഗ്രാമപഞ്ചായത്തിലെ

5 ാം വാർഡിൽ പുല്ലുകാട് കോളനി പ്രദേശത്തുള്ള ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും ഒരേക്കർ വീതം ഭൂമി സർക്കാർ നൽകിയിട്ടുണ്ട്. ഈ സ്ഥലത്താണ് വീട് നിർമ്മിച്ചു നൽകുന്നത്. ഈ വീടുകൾ നിർമ്മിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്മെന്റ് മരുതംകുഴി, തിരുവനന്തപുരം എന്ന ഏജൻസിയെ ചുമതലപ്പെടുത്തി. ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വീടുകളുടെ ഗുണഭോക്തൃസമിതി പ്രസിഡന്റ്, ഏജൻസിയുടെ ഡയറക്ടർ എന്നിവരുമായി 25.03.2022 ൽ എഗ്രിമെന്റിൽ ഏർപ്പെട്ടു. ഭവനനിർമ്മാണത്തിന്റെ ആദ്യഗഡുവെന്ന നിലയിൽ 1,07,28,229 രൂപ ഏജൻസിക്കു കൈമാറിയിട്ടുണ്ട്. (റ്റി.എസ്.പി വിഹിതം 3,21,000 രൂപയും വികസനഫണ്ട് 1,04,07,229 രൂപയും).

അർഹതയില്ലാത്ത സ്ഥാപനത്തിന് നിർവഹണത്തിനായി തുക നൽകി

സ.ഉ.നം 26/2022/LSGD/06.01.2022 പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് എന്ന ഏജൻസിക്ക് സുസ്ഥിര നഗരവികസനം, നഗരവികസന പദ്ധതി രേഖ തയ്യാറാക്കൽ, വികസന മാതൃക തയ്യാറാക്കൽ, കമ്മ്യൂണിറ്റി ഓർഗനൈസേഷൻ എന്നീ മേഖലയ്ക്കു മാത്രമാണ് 06.01.22 മുതൽ മൂന്നുവർഷത്തേക്ക് അക്രഡിറ്റേഷൻ ഉള്ളത്. ലൈഫ് ഭവന പദ്ധതിയിൽ വീടു നിർമ്മാണത്തിനുള്ള അക്രഡിറ്റേഷൻ ഇല്ല.

ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച് 16.03.2018ലെ സർക്കാർ പുറപ്പെടുവിച്ച 34/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവു പ്രകാരം (ഖണ്ഡിക 9) നേരിട്ടുള്ള നിർമ്മാണവും ഏജൻസി മുഖേനയുള്ള നിർവ്വഹണ രീതിയും അവലംബിക്കാവുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് നേരിട്ട് ഭവനനിർമ്മാണം നടത്തുവാൻ കഴിയാത്തവർക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനം കണ്ടെത്തുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ള ഏജൻസികൾ/ കരാറുകാർ എന്നിവർ മുഖേന, ഗുണഭോക്താക്കളുടെ സമ്മതത്തോടെ ഭവനനിർമ്മാണം നടത്താവുന്നതാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലേയോ ഏറ്റവും ദരിദ്രരായ ഭവനരഹിതർക്ക്, അവർക്ക് മാത്രമായി ഭവനം നിർമ്മിക്കാൻ കഴിയുന്നില്ലായെങ്കിൽ ഭവന നിർമ്മാണം, പൂർണ്ണമായി ലാഭേച്ഛയില്ലാത്ത രീതിയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സ്ഥാപനങ്ങൾ എന്നിവരെ ഏൽപ്പിക്കാവുന്നതാണ്. എന്നാൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് എന്നത് ഒരു അക്രഡിറ്റഡ് ഏജൻസിയായതിനാലും ലൈഫ് ഭവന പദ്ധതിയിൽ വീടു നിർമ്മാണത്തിനുള്ള അക്രഡിറ്റേഷൻ ഇല്ലാത്തതിനാലും മേൽ സ്ഥാപനത്തിന് കരാർ നൽകാൻ അർഹതയില്ലാത്തതാണ്. ആയതിനാൽ വീട് നിർമ്മാണത്തിനായി മുൻകൂർ ആയി നൽകിയിരിക്കുന്ന തുക തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. (12/18.03.22) പ്രകാരം നൽകിയ അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-26 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ- പദ്ധതി നിർവഹണം നടത്തിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | 48/22- സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | 15,00,000/- വികസന ഫണ്ട് -പൊതുവിഭാഗം, |
| ചെലവ് / ബിൽ നം. | 11,81,291/-<br>66/22.03.22 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ട് പ്രകാരം അയ്യപ്പൻതിട്ട് മുതൽ പതിനാലാം വ്യൂ പോയിന്റെ വരെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബിയ്ക്ക് 11,81,291/- രൂപ

ഡെപ്പോസിറ്റ് നൽകിയിട്ടുണ്ട്. മേൽ പദ്ധതി നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല .

പദ്ധതി നിർവഹണത്തിനായി കെ.എസ്.ഇ.ബിയ്ക്ക് 11,81,291/- രൂപ ഡെപ്പോസിറ്റ് നൽകിയിട്ടുണ്ടെങ്കിലും മേൽ പ്രൊജക്ടുകൾക്കായി തുക കൈമാറുന്നതിനു മുൻപ് പദ്ധതി നിർവഹണ കാലാവധി, നിർവഹണ രീതി എന്നിവ സംബന്ധിച്ച് നിർവഹണ ഏജൻസിയുമായി കരാറിലേർപ്പെട്ടിട്ടില്ല. പ്രൊജക്ടുകൾ ഏറ്റെടുക്കുമ്പോൾ തന്നെ ബന്ധപ്പെട്ട സ്ഥാപനങ്ങൾ തദ്ദേശസ്വയം ഭരണസ്ഥാപനവുമായി കരാറിൽ ഏർപ്പെടണമെന്ന് പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.11/18/തസ്വഭവ തീയതി 29.01.18 ഖണ്ഡിക 11-2 (ഡി)-ൽ നിഷ്കർഷിച്ചിട്ടുണ്ട്. കരാറിലേർപ്പെടാതെ തുക കൈമാറിയതിനുള്ള കാരണം അറിയിക്കേണ്ടതാണ്.

ഫോറസ്റ്റ് എൻ .ഒ.സി ലഭ്യമാക്കിയിട്ടില്ല .

വനത്തിനുള്ളിലെ പ്രവർത്തികൾ നടത്തുന്നതിന് ഫോറസ്റ്റ് എൻ.ഒ.സി ആവശ്യമാണെന്നിരിക്കെ ഇവ ലഭ്യമാക്കാതെയാണ് പദ്ധതി നിർവഹണത്തിന് തുക കൈമാറിയിട്ടുള്ളത്. ആയതിനാൽ തന്നെ മേൽ പദ്ധതി ഇതുവരെയായും തുടങ്ങുന്നതിന് സാധിച്ചിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/14.03.22) മറുപടി ലഭിച്ചിട്ടില്ല.

1-27 കുടിവെള്ള പദ്ധതികളിൽ സംഭവിച്ചിട്ടുള്ള അപാകതകൾ

അസി.എഞ്ചിനീയർ തൻവർഷം നടപ്പാക്കിയ കുടിവെള്ള പദ്ധതികളുടെ പ്രോജക്ടുകളിൽ വ്യാപകമായ അപാകതകൾ കാണുന്നു. ഫയൽ പരിശോധനയിലും 13-3-2023, 14-3-2023 എന്നീ ദിനങ്ങളിൽ നടന്ന സ്ഥലപരിശോധനയിലും കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ടിന്റെ നം. , പേര് : SO 195/22- ലില്ലി കുടിവെള്ള പദ്ധതി

| | |
|---|---|
| അടങ്കൽ | 300000 |
| ചെലവ്: , ബിൽ നം. , തീയ്യതി | രൂ. 299103<br>ബിൽ നം. 6/26-11-2021 |
| കരാർ നം., അളവു പുസ്തകം: | 39/AE/LSGD/NLPY/<br>16-2-2021<br>MB No.12/20-21 |
| കരാറുകാരൻ: | ജയപ്രകാശൻ.കെ |
| പ്രവൃത്തി മൂല്യം | 299103 |

മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ പൈപ്പ് ലൈൻ നീട്ടുന്നതിനാണ് ആദ്യം എസ്റ്റിമേറ്റിൽ ഉണ്ടായിരുന്ന ഇനങ്ങൾ. എന്നാൽ പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള ഇനങ്ങൾ പരമാവധി ഒഴിവാക്കി ടാങ്ക് സ്ഥാപിക്കൽ, മോട്ടോർ സ്ഥാപിക്കൽ എന്നീ ഇനങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

ടി പ്രവൃത്തിയുടെ പരിശോധനയിൽ (സ്ഥല പരിശോധന, ഫയൽ പരിശോധന) താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1. പ്രവൃത്തി ചെയ്തിരിക്കുന്നത് എ.വി.ടി. പ്ലാന്റേഷന്റെ അധീനതയിലുള്ള സ്ഥലത്താണ്. ടി സ്ഥലം ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടുകയോ ,ടി സ്ഥലത്ത് പ്രവൃത്തി ചെയ്യുന്നതിന് തോട്ടം ഉടമസ്ഥരുമായി എന്തെങ്കിലും എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല. ഇത്തരത്തിൽ പ്രവൃത്തികൾ ചെയ്യുന്നത് ക്രമപ്രകാരമല്ല. പഞ്ചായത്ത് രാജ് നിയമങ്ങൾ , ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന്റെ അധീനതയിൽ ഉള്ളതോ വിട്ടുകിട്ടിയതോ ആയ ആസ്തികളിലാണ് പ്രവൃത്തികൾ ചെയ്യുന്നതിന് വ്യവസ്ഥകൾ ഉള്ളത്.
2. റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലുണ്ടായിരുന്ന പഴയ മോട്ടോർ പ്രവർത്തനക്ഷമമല്ല എന്ന്

രേഖപ്പെടുത്തിയാണ് പുതിയ മോട്ടോർ സ്ഥാപിക്കാനായി ടി ഇനം ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പഴയ മോട്ടോർ മാറ്റം ചെയ്യുകയോ പഞ്ചായത്തിലേക്ക് തിരികെ ഏൽപ്പിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തിയിൽ സ്ഥാപിച്ച 12.5HPയുടെ പുതിയ മോട്ടോർ (വില 195162+18% GST) ഇതുവരെ ഉപയോഗിക്കുന്നില്ല. പുതിയ മോട്ടോർ പ്രവർത്തനക്ഷമമാകുന്നില്ല എന്നാണ് കാരണമായി സൂചിപ്പിച്ചിട്ടുള്ളത്. അതായത് ഈ പ്രോജക്ടുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. ഇപ്പോഴും പഴയ മോട്ടോർ ഉപയോഗിച്ചാണ് പദ്ധതി പ്രവർത്തിക്കുന്നത്. എന്നാൽ ആവശ്യത്തിന് കുടിവെള്ളം ലഭ്യമാക്കാനുള്ള ശേഷി പഴയ മോട്ടോറിന് ഇല്ല.

3. കുടിവെള്ള പദ്ധതിയിൽ തുടർനടത്തിപ്പ് , അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച് ഗുണഭോക്താക്കളുമായി എഗ്രിമെന്റുകൾ വെച്ചിട്ടില്ല. ടി പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങിയിട്ടുള്ള മോട്ടോർ , ടാങ്ക് എന്നിവയുടെ ബില്ലുകൾ , വാറണ്ടി കാർഡ് എന്നിവ സൂക്ഷിച്ചിട്ടില്ല.

4. ടി സ്ഥലത്തെ ജനങ്ങളുമായി സംസാരിച്ചതിൽ ടി പദ്ധതി കൊണ്ട് അവർക്ക് യാതൊരു പ്രയോജനവും ലഭിക്കുന്നില്ല. കുടിവെള്ളം ലഭിക്കാതെ സമീപത്തുള്ള ചിറയിൽ നിന്നും വെള്ളം കോരി വളരെ കഷ്ടപ്പെട്ടാണ് കാര്യങ്ങൾ നിർവ്വഹിക്കുന്നത്. പൈപ്പ് ലൈൻ കൊണ്ട് ആവശ്യത്തിനുള്ള വെള്ളം ലഭിക്കുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/14-3-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽസൂചിപ്പിച്ച പ്രകാരം നിഷ്ക്രിയമായി നിലനിൽക്കുന്നതിനാലും നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി ചെയ്തതിനാലും പദ്ധതി പ്രവർത്തനക്ഷമമല്ലാത്തതിനാലും ആകെ ചെലവ് തുക 299103രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

2) പ്രോജക്ടിന്റെ നം. , പേര് : SO 177/22- ഊത്തുക്കുഴി കുടിവെള്ള പദ്ധതി

| | |
|---|---|
| അടങ്കൽ | 1500000 |
| ചെലവ്: , ബിൽ നം. , തീയ്യതി | രൂ. 1211766<br>ബിൽ നം. 7/26-11-2021 |
| കരാർ നം., അളവു പുസ്തകം: | 40/AE/LSGD/NLPY/ 16-2-2021<br>MB No.15/20-21 |
| കരാറുകാരൻ: | ജയപ്രകാശൻ.കെ |
| പ്രവൃത്തി മൂല്യം | 1211766 |

മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ പൈപ്പ് ലൈൻ നീട്ടുന്നതിനാണ് ആദ്യം എസ്റ്റിമേറ്റിൽ ഉണ്ടായിരുന്ന ഇനങ്ങൾ. എന്നാൽ പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള ഇനങ്ങൾ പരമാവധി ഒഴിവാക്കുകയും 5000 ലിറ്റർ ടാങ്കിന്റെ സ്ഥാനത്ത് 15000ടാങ്ക് സ്ഥാപിക്കൽ, 7.5 HP മോട്ടോറിന്റെ സ്ഥാനത്ത് 15HPമോട്ടോർ സ്ഥാപിക്കൽ എന്നീ ഇനങ്ങൾ ഉൾപ്പടുത്തി പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

ടി പ്രവൃത്തിയുടെ സ്ഥലപരിശോധന നടത്തിയപ്പോൾ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1. പ്രവൃത്തി ചെയ്തിരിക്കുന്നത് എ.വി.ടി. പ്ലാന്റേഷന്റെ അധീനതയിലുള്ള സ്ഥലത്താണ്. ടി സ്ഥലം ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടുകയോ ,ടി സ്ഥലത്ത് പ്രവൃത്തി ചെയ്യുന്നതിന് തോട്ടം ഉടമസ്ഥരുമായി എന്തെങ്കിലും എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല. ഇത്തരത്തിൽ പ്രവൃത്തികൾ ചെയ്യുന്നത് ക്രമപ്രകാരമല്ല. പഞ്ചായത്ത് രാജ് നിയമങ്ങൾ , ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന്റെ അധീനതയിൽ ഉള്ളതോ വിട്ടുകിട്ടിയതോ ആയ ആസ്തികളിലാണ് പ്രവൃത്തികൾ ചെയ്യുന്നതിന് വ്യവസ്ഥകൾ ഉള്ളത്.

2.റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലുണ്ടായിരുന്ന പഴയ മോട്ടോർ പ്രവർത്തനക്ഷമമല്ല എന്ന് രേഖപ്പെടുത്തിയാണ് പുതിയ മോട്ടോർ സ്ഥാപിക്കാനായി ടി ഇനം ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ

പഴയ മോട്ടോർ മാറ്റം ചെയ്യുകയോ പഞ്ചായത്തിലേക്ക് തിരികെ ഏൽപ്പിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തിയിൽ സ്ഥാപിച്ച 15HPയുടെ പുതിയ മോട്ടോർ (വില 234180+18% GST) കേടുവന്ന് ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെട്ടു. ആയത് സൈറ്റിൽ നിന്ന് മാറ്റുകയോ വാറണ്ടി കാലയളവിനുള്ളിൽ ആയതിനാൽ മാറ്റിസ്ഥാപിക്കുകയോ ചെയ്യുന്നതിന് ആവശ്യമായ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. അതായത് ഈ പ്രോജക്ടുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. ഇപ്പോഴും പഴയ മോട്ടോർ ഉപയോഗിച്ചാണ് പദ്ധതി പ്രവർത്തിക്കുന്നത്. പ്രവർത്തനക്ഷമമായ പഴയമോട്ടോർ ഉള്ളപ്പോൾ ഇത്തരം പുതിയ പദ്ധതി രൂപീകരിച്ച് തുക ചെലവഴിച്ചതായി കാണപ്പെട്ടു.

3. കുടിവെള്ള പദ്ധതിയിൽ തുടർനടത്തിപ്പ് , അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച് ഗുണഭോക്താക്കളുമായി എഗ്രിമെന്റുകൾ വെച്ചിട്ടില്ല. ടി പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങിയിട്ടുള്ള മോട്ടോർ , ടാങ്ക് എന്നിവയുടെ ബില്ലുകൾ , വാറണ്ടി കാർഡ് എന്നിവ സൂക്ഷിച്ചിട്ടില്ല.

4.നിലവിലുണ്ടായിരുന്ന കുടിവെള്ളപദ്ധതിയിൽ 2 ടാങ്കുകൾ ഉണ്ടായിരിക്കെ പിന്നീട് മൂന്ന് ടാങ്കുകൾ കൂടി വാങ്ങിയതിന് അടിസ്ഥാനമാക്കിയ വസ്തുതകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.(യീൽഡ് ടെസ്റ്റ് റിപ്പോർട്ട്, ഗുണഭോക്താക്കളുടെ എണ്ണം, പേര് വിവരങ്ങൾ, ദിവസവും വിതരണം ചെയ്യുന്ന ജലത്തിന്റെ അളവ് മുതലായവ). ഇപ്രകാരം യാതൊരു അടിസ്ഥാനവും ഇല്ലാതെ പദ്ധതിപ്പണം പാഴാക്കുന്ന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/14-3-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽസൂചിപ്പിച്ച പ്രകാരം നിഷ്ക്രിയമായി നിലനിൽക്കുന്നതിനാലും നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി ചെയ്തതിനാലും പദ്ധതി പ്രവർത്തനക്ഷമമല്ലാത്തതിനാലും ആകെ ചെലവ് തുക 1211766രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

3) പ്രോജക്റ്റിന്റെ നം. , പേര് : SO 170/22- ചന്ദ്രാമല കുടിവെള്ള പദ്ധതി

| | |
|---|---|
| അടങ്കൽ | 250000 |
| ചെലവ്: , ബിൽ നം. , തീയ്യതി | രൂ. 228861<br>ബിൽ നം. 16/5-1-2022 |
| കരാർ നം., അളവു പുസ്തകം: | 9/AE/LSGD/NLPY/<br>24-6-2020<br>MB No.13/20-21 |
| കരാറുകാരൻ: | ജയപ്രകാശൻ.കെ |
| പ്രവൃത്തി മൂല്യം | 228861 |

മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ പൈപ്പ് ലൈൻ നീട്ടുന്നതിനാണ് ആദ്യം എസ്റ്റിമേറ്റിൽ ഉണ്ടായിരുന്ന ഇനങ്ങൾ. എന്നാൽ പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള ഇനങ്ങൾ പരമാവധി ഒഴിവാക്കുകയും 10000 ലിറ്റർ ടാങ്ക് സ്ഥാപിക്കൽ, ആയതിന് ചുറ്റും സംരക്ഷണഭിത്തി സ്ഥാപിക്കൽ എന്നീ ഇനങ്ങൾ ഉൾപ്പടുത്തി പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

1. പ്രവൃത്തി ചെയ്തിരിക്കുന്നത് ചന്ദ്രാമല പ്ലാന്റേഷന്റെ അധീനതയിലുള്ള സ്ഥലത്താണ്. ടി സ്ഥലം ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടുകയോ ,ടി സ്ഥലത്ത് പ്രവൃത്തി ചെയ്യുന്നതിന് തോട്ടം ഉടമസ്ഥരുമായി എന്തെങ്കിലും എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല. ഇത്തരത്തിൽ പ്രവൃത്തികൾ ചെയ്യുന്നത് ക്രമപ്രകാരമല്ല. പഞ്ചായത്ത് രാജ് നിയമങ്ങൾ , ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന്റെ അധീനതയിൽ ഉള്ളതോ വിട്ടുകിട്ടിയതോ ആയ ആസ്തികളിലാണ് പ്രവൃത്തികൾ ചെയ്യുന്നതിന് വ്യവസ്ഥകൾ ഉള്ളത്.

2.റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലുണ്ടായിരുന്ന വാട്ടർടാങ്ക് കാട്ടാനയുടെ ആക്രമണത്തിൽ തകർക്കപ്പെട്ടതിനാൽ പൈപ്പ് ലൈൻ ഇനങ്ങളിൽ ഗണ്യമായ കുറവ് വരുത്തി അതിനുപകരം 5000ലിറ്ററിന്റെ 2സിന്തറ്റിക്ക് വാട്ടർടാങ്ക് സ്ഥാപിക്കുന്നതിനും അതിനുചുറ്റും സംരക്ഷണഭിത്തി

നിർമിക്കുന്നതിനും ഇനങ്ങൾ ഉൾപ്പെടുത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ 1 പുതിയ വാട്ടർടാങ്ക് സ്ഥാപിച്ചതായും നിലവിലുണ്ടായിരുന്ന 1വാട്ടർടാങ്ക് ഉപയോഗിക്കുകയും ചെയ്തതായി കാണപ്പെട്ടു. കരാറുകാരനും ഫോണിൽ ഇതേ കാര്യമാണ് സൂചിപ്പിച്ചത്.

3. കുടിവെള്ള പദ്ധതിയിൽ തുടർനടത്തിപ്പ് , അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച് ഗുണഭോക്താക്കളുമായി എഗ്രിമെന്റുകൾ വെച്ചിട്ടില്ല. ടി പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങിയിട്ടുള്ള മോട്ടോർ , ടാങ്ക് എന്നിവയുടെ ബില്ലുകൾ , വാറണ്ടി കാർഡ് എന്നിവ സൂക്ഷിച്ചിട്ടില്ല.

4.മേൽസൂചിപ്പിച്ച വാട്ടർടാങ്കിന്റെ തൊട്ടടുത്തുള്ള മറ്റൊരു കോൺക്രീറ്റ് ടാങ്കിലേക്ക് പിവിസി പൈപ്പുകളും അനുബന്ധസാധനസാമഗ്രികളും ഇട്ടിട്ടുണ്ടെങ്കിലും ആയത് ഉപയോഗശൂന്യമായി നിൽക്കുന്നു. ടി ഇനങ്ങൾ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/14-3-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽസൂചിപ്പിച്ച പ്രകാരം നിഷ്ക്രിയമായി നിലനിൽക്കുന്നതിനാലും നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി ചെയ്തതിനാലും പദ്ധതി പ്രവർത്തനക്ഷമമല്ലാത്തതിനാലും ആകെ ചെലവ് തുക 228861രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

4) പ്രോജക്ടിന്റെ നം. , പേര് : SO 191/22- നൂറടി കുടിവെള്ള പദ്ധതി

| | |
|---|---|
| അടങ്കൽ | 1000000 (CFC Grant) |
| ചെലവ്: , ബിൽ നം. , തീയ്യതി | രൂ. 445671<br>ബിൽ നം. 4/19-11-2021 |
| കരാർ നം., അളവു പുസ്തകം: | 41/AE/LSGD/NLPY/<br>16-2-2021<br>MB No.16/20-21 |
| കരാറുകാരൻ: | ജയപ്രകാശൻ.കെ |
| പ്രവൃത്തി മൂല്യം | 445671 |

മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ പൈപ്പ് ലൈൻ നീട്ടുന്നതിനാണ് ആദ്യം എസ്റ്റിമേറ്റിൽ ഉണ്ടായിരുന്ന ഇനങ്ങൾ. എന്നാൽ പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള ഇനങ്ങൾ പരമാവധി ഒഴിവാക്കുകയും 7.5 HP മോട്ടോറിന്റെ സ്ഥാനത്ത് 10HPമോട്ടോർ സ്ഥാപിക്കൽ സംബന്ധിച്ച ഇനങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

1. പ്രവൃത്തി ചെയ്തിരിക്കുന്നത് എ.വി.ടി. പ്ലാന്റേഷന്റെ അധീനതയിലുള്ള സ്ഥലത്താണ്. ടി സ്ഥലം ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടുകയോ ,ടി സ്ഥലത്ത് പ്രവൃത്തി ചെയ്യുന്നതിന് തോട്ടം ഉടമസ്ഥരുമായി എന്തെങ്കിലും എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല.

2.റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലുണ്ടായിരുന്ന പഴയ മോട്ടോർ പ്രവർത്തനക്ഷമമല്ല എന്ന് രേഖപ്പെടുത്തിയാണ് പുതിയ മോട്ടോർ സ്ഥാപിക്കാനായി ടി ഇനം ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പഴയ മോട്ടോർ മാറ്റം ചെയ്യുകയോ പഞ്ചായത്തിലേക്ക് തിരികെ ഏൽപ്പിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തിയിൽ സ്ഥാപിച്ച 10HPയുടെ പുതിയ മോട്ടോർ (വില 156109 +18% GST) ഉപയോഗശൂന്യമായ നിലയിൽ കാണപ്പെട്ടു. അതായത് ഈ പ്രോജക്ടുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. ഇപ്പോഴും പഴയ മോട്ടോർ ഉപയോഗിച്ചാണ് പദ്ധതി പ്രവർത്തിക്കുന്നത്. പ്രവർത്തനക്ഷമമായ പഴയമോട്ടോർ ഉള്ളപ്പോൾ ഇത്തരം പുതിയ പദ്ധതി രൂപീകരിച്ച് തുക ചെലവഴിച്ചതായി കാണപ്പെട്ടു.

3.കുടിവെള്ള പദ്ധതിയിൽ തുടർനടത്തിപ്പ് , അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച് ഗുണഭോക്താക്കളുമായി എഗ്രിമെന്റുകൾ വെച്ചിട്ടില്ല. ടി പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങിയിട്ടുള്ള മോട്ടോർ , ടാങ്ക് എന്നിവയുടെ ബില്ലുകൾ , വാറണ്ടി കാർഡ് എന്നിവ സൂക്ഷിച്ചിട്ടില്ല.

4. മേൽസൂചിപ്പിച്ച വാട്ടർടാങ്ക് ഉപയോഗശൂന്യമായി നിൽക്കയാണ്. പൈപ്പ് ലൈനുകളും

ഉപയോഗക്ഷമമാക്കിയിട്ടില്ല. ജനങ്ങൾ ഇപ്പോഴുംനപഴയ പദ്ധതിയെ ആശ്രയിച്ചാണ് കുടവെള്ളആവശ്യങ്ങൾ നിവർത്തിക്കുന്നത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/14-3-2023) ലഭ്യമാക്കിയ മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽസൂചിപ്പിച്ച പ്രകാരം നിഷ്ക്രിയമായി നിലനിൽക്കുന്നതിനാലും നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി ചെയ്തതിനാലും പദ്ധതി പ്രവർത്തനക്ഷമമല്ലാത്തതിനാലും ആകെ ചെലവ് തുക 445671രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

5) പ്രോജക്ടിന്റെ നം. , പേര് : SO 203/22- നെല്ലിക്കുളം കുടിവെള്ള പദ്ധതി

| | |
|---|---|
| അടങ്കൽ | 995000 വികസനഫണ്ട്(CFC Grant) |
| ചെലവ്: , ബിൽ നം. , തീയ്യതി | രൂ. 968895<br>ബിൽ നം. 5/19-11-2021 |
| കരാർ നം., അളവു പുസ്തകം: | 2/AE/LSGD/NLPY/ 15-5-2021<br>MB No.11/20-21 |
| കരാറുകാരൻ: | ജയപ്രകാശൻ.കെ |
| പ്രവൃത്തി മൂല്യം | 968895 |

മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ പൈപ്പ് ലൈൻ നീട്ടുന്നതിനാണ് ആദ്യം എസ്റ്റിമേറ്റിൽ ഉണ്ടായിരുന്ന ഇനങ്ങൾ. എന്നാൽ പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള ഇനങ്ങൾ പരമാവധി ഒഴിവാക്കുകയും 7.5 HP മോട്ടോറിന്റെ സ്ഥാനത്ത് 12.5HPമോട്ടോർ സ്ഥാപിക്കൽ എന്നീ ഇനങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

1.പ്രവൃത്തി ചെയ്തിരിക്കുന്നത് എ.വി.ടി. പ്ലാന്റേഷന്റെ അധീനതയിലുള്ള സ്ഥലത്താണ്. ടി സ്ഥലം ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടുകയോ ,ടി സ്ഥലത്ത് പ്രവൃത്തി ചെയ്യുന്നതിന് തോട്ടം ഉടമസ്ഥരുമായി എന്തെങ്കിലും എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല.

2.കുടിവെള്ള പദ്ധതിയിൽ തുടർനടത്തിപ്പ് , അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച് ഗുണഭോക്താക്കളുമായി എഗ്രിമെന്റുകൾ വെച്ചിട്ടില്ല. ടി പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങിയിട്ടുള്ള മോട്ടോർ , ടാങ്ക് എന്നിവയുടെ ബില്ലുകൾ , വാറണ്ടി കാർഡ് എന്നിവ സൂക്ഷിച്ചിട്ടില്ല.ഇതു

സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/14-3-2023) ലഭ്യമാക്കിയ മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽസൂചിപ്പിച്ച പ്രകാരം നിഷ്ക്രിയമായി നിലനിൽക്കുന്നതിനാലും നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി ചെയ്തതിനാൽ പദ്ധതി പ്രവർത്തനക്ഷമമല്ലാത്തതിനാലും ആകെ ചെലവ് തുക 968895രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 1-28 പ്രവൃത്തികളിൽ അവശ്യം വേണ്ട രജിസ്റ്ററുകൾ ,രേഖകൾ സൂക്ഷിക്കുന്നില്ല

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ അവശ്യം വേണ്ട രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല .

1. തൻവർഷം നടത്തിയിട്ടുള്ള പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ള എം.ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2- ടെണ്ടർ ഫോമുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3- റോഡ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4. സ.ഉ. നം. 11/2018, ത.സ്വ.ഭ. വ. തിയ്യതി 29-1-2018പ്രകാരമുള്ള പദ്ധതി മാർഗരേഖ,സർക്കാർ ഉത്തരവ് നം.13/2012/PWD, തീയ്യതി 1-2-2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ എന്നിവ മുഖേന പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ നിർബന്ധമായും സൂക്ഷിക്കേണ്ട രേഖകളും ഏതൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ അബ്സ്ട്രാക്ട് എസ്റ്റിമേറ്റ് , മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല. കൂടാതെ പല ഫയലുകളിലും പൂർത്തീകരണ റിപ്പോർട്ട് , സൈറ്റ് മാപ്പ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ വെച്ചിട്ടില്ല.

രേഖകളും ഫയലുകളും പൂർണമായും കാലികമായും സൂക്ഷിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കുകയും മേൽനോട്ടം ഉറപ്പാക്കുകയും ചെയ്യുന്നതിനുമായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്തവയിൽ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നു

തൻവർഷം നിർവ്വഹിച്ചിട്ടുള്ള റോഡ് പ്രവൃത്തികൾ, ഡ്രെയിനേജ് പ്രവൃത്തികൾ എന്നിവയെല്ലാം എ.വി.ടി. പ്ലാന്റേഷൻ, ചന്ദ്രാമല ടി കമ്പനി, മരിയ എസ്റ്റേറ്റ്, ഗ്രീൻവാലി എസ്റ്റേറ്റ്, സർക്കാർ ഓറഞ്ച് ഫാം എന്നീ തോട്ടം മേഖലയിലാണ് നിർവ്വഹിച്ചിട്ടുള്ളത്. ടി പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ള സ്ഥലങ്ങൾ എല്ലാം തോട്ടം ഉടമസ്ഥരുടെ നിയന്ത്രണത്തിൽ ഉൾപ്പെട്ടവയാണ്. പഞ്ചായത്തിന്റെ ആസ്തിയിൽ ഇവ ഉൾപ്പെടുന്നില്ല. ആയതിനാൽ പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ, പദ്ധതി മാർഗരേഖകൾ ,മരാമത്ത് ചട്ടങ്ങൾ എന്നിവ പ്രകാരം ടി ഇടങ്ങളിൽ ഗ്രാമപഞ്ചായത്തിന് പ്രവൃത്തികൾ ചെയ്യുന്നതിന് വ്യവസ്ഥകൾ ഇല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം., പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 161/22- ഊത്തക്കുഴി താഴെപ്പാടി റോഡ് കോൺക്രീറ്റ് | 100000 | 98803 | CFC |
| 171/22- മരിയ എസ്റ്റേറ്റ് റോഡ് പൂർത്തീകരണം | 360000 | 332415 | CFC |
| 189/22-ചോലപ്പാടി ഡ്രെയിനേജ് പൂർത്തീകരണം | 360000 | 332415 | MG (Road) |
| 205/22- ഓ.വി.എഫ്. കുന്നത്ത്പാടി ഡ്രെയിനേജ് | 500000 | 460000 | MG (Road) |
| 196/22-ഫാക്ടറി പാഡികൾക്ക് ഡ്രെയിനേജ് | 495000 | 410831 | MG (Road) |
| 183/22-പോത്തുപാറ മട്ടത്തുപാടി ഡ്രെയിനേജ് | 520000 | 478909 | MG (Road) |
| 173/22-മായാമുടി റോഡ് കോൺക്രീറ്റ് | 200000 | 197005 | CFC |
| 164/22- ഏലം സ്റ്റോർ റോഡ് കോൺക്രീറ്റ് | 350000 | 333365 | CFC |

| | | | |
|---|---|---|---|
| 206/22-ഓ.വി.എഫ്. കുന്നത്ത്പാടി റോഡ് കോൺക്രീറ്റ് | 400000 | 357669 | CFC |
| 202/22- അമ്പലപ്പാടി ഓഫീസ് പാടി റോഡ് കോൺക്രീറ്റ് | 1000000 | 833368 | CFC |
| 187/22- ബിയാടിസ് ഇക്കപാലം റോഡ് കോൺക്രീറ്റ് | 1500000 | 1220356 | CFC |
| 186/22- രാജാക്കാട് മെയിൻറോഡ് പൂർത്തീകരണം | 1480000 | 1221190 | Development Fund(Gen) |
| 197/22- ഓറഞ്ച് ഫാം കുടുംബശ്രീ റോഡ് കോൺക്രീറ്റ് | 495000 | 441774 | Development Fund(Gen) |

പഞ്ചായത്ത് രാജ് ആക്ട്, പഞ്ചായത്ത് രാജ് ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ ആസ്തികളിൽ മാത്രമാണ് മരാമത്ത് പ്രവൃത്തികൾ ചെയ്യുന്നതിന് അനുമതിയുള്ളത്. ആയതിനാൽ മേൽസൂചിപ്പിച്ച ചെലവുകൾക്ക് സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 മരാമത്ത് പ്രവൃത്തിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല .

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത്തരം നടപടികൾ സ്വീകരിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കിയത് ₹ | ബാക്കി ഈടാക്കേണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | SO 183/22- പോത്തുപാടി മട്ടത്തുപാടി 463467 ബിൽ നം.- 33/31-3-2022- | 14-5-2021 | 26-5-2021 | 11/AE/LSGD /NLPY/22-6-2021 പി.ഇ. ഷാജി | 4635 | 0 | 4635 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 478909രൂ. , | | | | | | |
| 2. | SO 197/22-ഓറഞ്ച്ഫാം കുടുംബശ്രീ റോഡ് കോൺക്രീറ്റ് 394540 ബിൽ നം.-26/31-3-2022-441774രൂ. , | 14-5-2021 | 26-5-2021 | 11/AE/LSGD /NLPY/28-6-2021 ശിവദാസൻ.പി. | 3945 | 0 | 3945 |
| 3 | SO 187/22 ബിയാട്രിസ് ത്തുക്കപ്പാലം റോഡ് കോൺക്രീറ്റ് 1089603 ബിൽ നം.-9/20-12-2021-1220356രൂ. | 29-7-2021 | - | 11/AE/LSGD /NLPY/9-9-2021 അഞ്ജു ആസാദ് | 10896 | 0 | 10896 |
| 4 | SO 189/22 ചോലപ്പാടി ഡ്രെയിനേജ് 319764 ബിൽ നം.-23/18-3-2022-332415രൂ. | 30-1-2021 | 1-2-2021 | 43AE/LSGD /NLPY/25-2-2021 മനാഫ്.വി. | 3198 | 0 | 3198 |
| 5 | SO 196/22 ഫാകൂറിപ്പാടി ഡ്രെയിനേജ് 441917 ബിൽ നം.-22/18-3-2022-410831രൂ. | 30-1-2021 | 1-2-2021 | 42/AE/LSGD /NLPY/25-2-2021 മനാഫ്.വി. | 4419 | 0 | 4419 |
| 6 | SO 159/22 മൃഗാസ്പത്രി അറ്റകുറ്റപ്പണികൾ 387456 ബിൽ നം.-25/22-3-2022-357889രൂ. | 17-8-2020 | 18-8-20 | 19/AE/LSGD /NLPY/11-9-2020 മോഹൻദാസ് | 3875 | 0 | 3875 |
| 7 | SO 200/22 ജനകീയഹോട്ടൽ പുനരുദ്ധാരണം. | 14-5-2021 | 26-5--2021 | 15/AE/LSGD /NLPY/25-6-2021 ഏ.ബി.കൺസ്ട്രക്ഷൻ | 2640 | 0 | 2640 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 264031 ബിൽ നം.- 13/31-12-2021- 242106രൂ. | | | ഗ്രൂപ്പ് | | | |
| 8 | SO 201/22 ബാങ്ക് കെട്ടിടം പുനരുദ്ധാരണം. 191175 ബിൽ നം.- 15/31-12-2021- 146984രൂ. | 14-5-2021 | 26-5--2021 | 14/AE/LSGD /NLPY/25-6-2021 ഏ.ബി.കൺസ്ട്രക്ഷൻ ഗ്രൂപ്പ് | 1912 | 0 | 1912 |
| 9 | SO 186/22 രാജാക്കാട് മെയിൻറോഡ് പൂർത്തീകരണം. 1101115 ബിൽ നം.- 14/31-12-2021- 1221190രൂ. | 14-5-2021 | 26-5--2021 | 6/AE/LSGD /NLPY/22-6-2021 പി.ഇ. ഷാജി. | 11011 | 0 | 11011 |
| ആകെ | | | | | | | 46531 |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ടി തുകകൾ കരാറുകാരിൽ നിന്നും ഈടാക്കി അടവാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കാനുള്ള ആകെ തുക 46531രൂ.ഉത്തരവാദിയായ എഞ്ചിനീയർമാരിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

1-31 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല.

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെസൂചിപ്പിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകി യിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല .

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension ( Shall Not Exceed 25% Of The Original Time Or Six Months Whichever Is Less) | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. |

| | |
|---|---|
| | 2000 And Maximum Of Rs. 100000 |

പ്രവർത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രോജക്ടിന്റെ നം. , പേര് : SO 171/22- മരിയ എസ്റ്റേറ്റ് റോഡ് പൂർത്തീകരണം

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | രൂ. 190596<br>ബിൽ നം. 19/16-2-2022, 176000രൂ.<br>ബിൽ നം. 21/23-2-2022, 14596രൂ. , |
| കരാർ നം., അളവു പുസ്തകം: | 23/AE/LSGD/NLPY/ 28-9-2020<br>MB No.20/20-21 |
| പി.എ.സി. | 178244 |
| കരാറുകാരൻ: | അബൂബക്കർ സിദ്ധിക്ക്. കെ.പി. |
| സ്ഥലം കൈമാറിയ തീയ്യതി. | 30-6-2020 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 30-12-2020 (6 മാസം) |
| പൂർത്തീകരിച്ച തീയ്യതി: | 25-9-2021 |
| ഈടാക്കേണ്ട പിഴ (3%) | 5347 |
| ഈടാക്കിയത് | 1702 |
| ഈടാക്കിയതിൽ കുറവ്: | 3645 |

പ്രവൃത്തി പൂർത്തീകരണത്തിനായി 6മാസം അനുവദിച്ചിട്ടുള്ള ( ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ

പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. സപ്ലിമെന്റൽ എഗ്രിമെന്റ് വെച്ചിട്ടില്ല. ഭരണസമിതി തീരുമാനം എടുക്കുകയും ചെയ്തിട്ടില്ല.

2. പ്രോജക്ടിന്റെ നം. , പേര് : SO 171/22- SO 159/22 മൃഗാസ്പത്രി അറ്റകുറ്റപ്പണികൾ

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | 357889രൂ.<br>ബിൽ നം.- 25/22-3-2022- 357889രൂ. |
| കരാർ നം., അളവു പുസ്തകം: | 19/AE/LSGD /NLPY/11-9-2020<br>MB No. 27/20-21 |
| പി.എ.സി. | 387456 |
| കരാറുകാരൻ: | മോഹൻദാസ് |
| സ്ഥലം കൈമാറിയ തീയ്യതി. | 11-9-2020 |

| | |
|---|---|
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 11-3-2021 (6 മാസം) |
| പൂർത്തീകരിച്ച തീയ്യതി: | 30-4-2021 |
| ഈടാക്കേണ്ട പിഴ (3%) | 11624 |
| ഈടാക്കിയത് | 3195 |
| ഈടാക്കിയതിൽ കുറവ്: | 8429 |

പ്രവൃത്തി പൂർത്തീകരണത്തിനായി 6മാസം അനുവദിച്ചിട്ടുള്ള ( ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ

പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. സപ്ലിമെന്റൽ എഗ്രിമെന്റ് വെച്ചിട്ടില്ല. ഭരണസമിതി തീരുമാനം എടുക്കുകയും ചെയ്തിട്ടില്ല.

3. പ്രോജക്ടിന്റെ നം. , പേര് : SO 161/22 ഊത്തക്കുഴി താഴെപ്പാടി റോഡ് കോൺക്രീറ്റ്

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | 98803രൂ.<br>ബിൽ നം.- 11/30-12-2021- 98803രൂ. |
| കരാർ നം., അളവു പുസ്തകം: | 8/AE/LSGD /NLPY/24-6-2020<br>MB No. 19/20-21 |
| പി.എ.സി. | 86670 |
| കരാറുകാരൻ: | സി. വിജയരാഘവൻ |
| സ്ഥലം കൈമാറിയ തീയ്യതി. | 24-6-2020 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 24-12-2020 (6 മാസം) |
| പൂർത്തീകരിച്ച തീയ്യതി: | 22-9-2021 |
| ഈടാക്കേണ്ട പിഴ (3%) | 3000 |
| ഈടാക്കിയത് | 0 |
| ഈടാക്കിയതിൽ കുറവ്: | 3000 |

പ്രവൃത്തി പൂർത്തീകരണത്തിനായി 6മാസം അനുവദിച്ചിട്ടുള്ള ( ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ

പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. സപ്ലിമെന്റൽ എഗ്രിമെന്റ് വെച്ചിട്ടില്ല. ഭരണസമിതി തീരുമാനം എടുക്കുകയും ചെയ്തിട്ടില്ല.

4. പ്രോജക്ടിന്റെ നം. പേര് : SO 164/22 ഏലം സ്റ്റോർ റോഡ് കോൺക്രീറ്റ്

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | രൂ. 333365<br>ബിൽ നം.- 10/30-12-2021- 333365രൂ. |
| കരാർ നം., അളവു പുസ്തകം: | 10/AE/LSGD /NLPY/30-6-2020<br>MB No. 18/20-21 |
| പി.എ.സി. | 309525 |

| | |
|---|---|
| കരാറുകാരൻ: | സി. വിജയരാഘവൻ |
| സ്ഥലം കൈമാറിയ തീയ്യതി. | 30-6-2020 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 30-12-2020 (6 മാസം) |
| പൂർത്തീകരിച്ച തീയ്യതി: | 20-9-2021 |
| ഈടാക്കേണ്ട പിഴ (3%) | 9286 |
| ഈടാക്കിയത് | 0 |
| ഈടാക്കിയതിൽ കുറവ്: | 9286 |

പ്രവൃത്തി പൂർത്തീകരണത്തിനായി 6മാസം അനുവദിച്ചിട്ടുള്ള ( ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ

പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. സപ്ലിമെന്റൽ എഗ്രിമെന്റ് വെച്ചിട്ടില്ല. ഭരണസമിതി തീരുമാനം എടുക്കുകയും ചെയ്തിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ടി തുകകൾ കരാറുകാരിൽ നിന്നും ഈടാക്കി അടവാക്കാം എന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക 24360രൂ. ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-32 ഇ-ടെണ്ടർ ഫീസ് ഇനത്തിൽ തുകകൾ പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല

ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീസ് ഇനത്തിൽ തുകകൾ അസി. എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് വരുന്ന തുകകൾ പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അസി. എൻജിനിയർ ഇ-ടെണ്ടർനടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് എസ്.ബി.ഐയിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/16 ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ അക്കൗണ്ടിൽ വരവ് ഉണ്ടാകുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസി.എൻജിനിയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (നം. 37233139343-SBI) 31-3-2022ൽ ബാലൻസുള്ള 215390രൂപയിൽ 116890 രൂ. മാത്രമാണ് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ 27-1-2023വരെ അടവാക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ചിട്ടും ടി ബാക്കി തുക തനത് ഫണ്ടിലേക്ക് കൈമാറാൻ ഇത്രയും വൈകിയതിന് കാരണം വ്യക്തമാക്കണം എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/14-3-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ 31-3-2022 ന് ശേഷം ടി ഇനത്തിൽ വരവ് ഉണ്ടായ തുകകൾ ഇതുവരെ തനതുഫണ്ടിലേക്ക് അടവാക്കിയിട്ടുമില്ല.
ആയതിനാൽ ഈ ഇനത്തിൽ അവശേഷിക്കുന്ന തുകകൾ പഞ്ചായത്തിന്റെ തനതുഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 മതിയായ തുകക്കുള്ള മുദ്രപത്രം ഇല്ലാതെ കരാർ ചമച്ചിരിക്കുന്നു

താഴെ സൂചിപ്പിച്ചിട്ടുള്ള മരാമത്ത് പ്രവൃത്തിയിൽ മതിയായ തുകക്കുള്ള മുദ്രപത്രം ഇല്ലാതെ കരാർ ചമച്ചിരിക്കുന്നു.

പ്രോജക്ട് നം., പേര്: SO 186/22 രാജാക്കാട് മെയിൻറോഡ് പൂർത്തീകരണം.

അടങ്കൽ: – 1480000 ഫണ്ടിനം: വികസനഫണ്ട്

ചെലവ്: 1221190രൂ. , ബിൽ നം.- 14/31-12-2021- 1221190രൂ.

കരാർ നം.6/AE/LSGD/NLPY/22-6-2021 , കരാറുകാരൻ: പി.ഇ. ഷാജി.

അളവു പുസ്തകം: 24/2020-21

കേരള ഫിനാൻസ് ആക്ട്, 2018 പ്രകാരം 1-4-2018 മുതൽ മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും 1959 ലെ കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000/- രൂപയ്ക്കും 1/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. കുറഞ്ഞത് 200/-രൂപയും പരമാവധി 1 ലക്ഷം രൂപയുമായി സ്റ്റാമ്പ് ഡ്യൂട്ടി നിജപ്പെടുത്തിയിട്ടുമുണ്ട്.

എന്നാൽ മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ എഗ്രിമെന്റ് തുക 1101115 ആണ്. എന്നാൽ കരാർ വെച്ചത് 1000രൂപയുടെ മുദ്രപത്രത്തിൽ ആണ്. മുദ്രപേപ്പറിന്റെ വിലയിൽ 200രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. കുറവ് സംഭവിച്ച തുകയ്ക്കുള്ള മുദ്രപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം മുദ്രപത്രത്തിന്റെ വിലയിൽ കുറവ് വന്നതിനാൽ എഗ്രിമെന്റ് സാധുതയുള്ളതായിരിക്കയില്ല. ഇത്തരത്തിലുള്ള തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 06.03.2023 മുതൽ 15-03-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ ചെക്ക് നം തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| KSEB | 48/22- സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ | 66/22.03.22 | 11,81,291/- | 0 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല.

4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കുവാനുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2003-04 | 2.7 | 1999-00 ഖ. 25(b) I, Ii, Iii | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടുണ്ടെങ്കിലും കേസ് നിലവിലുള്ളതിനാൽ അന്തിമതീർപ്പ് ആയിട്ടില്ല. |
| 2011-12 | 2-7 | 2008-09 ഖ. 3-7 – പഴം സംസ്കരണ കേന്ദ്രം നിഷ്ക്രിയം | വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല. |
| 2015-16 | ജില്ലാതല അവലോകനം | കമ്പ്യൂട്ടർ വത്ക്കരണം | വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല. |
| 2017-18 | അധ്യായം 6 പൊതു വിഷയം | ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ പ്രത്യേകതകളാൽ പരാധീനത നേരിടുന്ന ഗ്രാമപഞ്ചായത്ത് | വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല. |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 52,19,079.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,74,24,571.00 |
| ആകെ | 8,26,43,650.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,55,64,242.00 |
| നീക്കിയിരിപ്പ് | 2,70,79,408.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13882525രൂ. |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 2925435രൂ. | ശ്രീ. രമേഷ്.എം. അസി.എഞ്ചിനീയർ |
| 1-27 | 228861രൂ. | ശ്രീ. ശശീധരൻ സച്ച, അസി.എഞ്ചിനീയർ |
| 1-25 | 1,07,28,229/- രൂപ | ശ്രീ. സിറോഷ് എസ്., സെക്രട്ടറി |
| ആകെ | 13882525രൂ. | |

ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 46531രൂ. | ശ്രീ. ശശീധരൻ സച്ച, അസി.എഞ്ചിനീയർ |
| 1-31 | 24360രൂ. | ശ്രീ. ശശീധരൻ സച്ച, അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ശശീധരൻ സച്ച, അസി.എഞ്ചിനീയർ | പ്രോജക്ട് എഞ്ചിനീയർ, പി.ഡബ്ളിയു.ഡി, ആലപ്പുഴ | ചിറ്റടി കളം , കരിപ്പോട് പി.ഓ, പാലക്കാട്- 678503 |
| ശ്രീ. രമേഷ്.എം. അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, നെൻമാറ ബ്ലോക്ക് പഞ്ചായത്ത്. | ശശി നിലയം, നടക്കൽ, അടൂത്തല, കൊല്ലം – 691579 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി12-428/07 /5-9-2007 | 4 |
| 1997-98 | എൽ.എഫ്.പി10-1745/01 /2-8-2011 | 6 |
| 1998-99 | എൽ.എഫ്.പി12-430/07 /12-9-2007 | 11 |
| 1999-2000 | എൽ.എഫ്.പി12-1279/07 /4-5-2007 | 8 |
| 2000-2001 | എൽ.എഫ്.പി12-432/07 /12-9-2007 | 13 |
| 2001-2002 | എൽ.എഫ്.പി12-433/07 /22-10-2007 | 11 |
| 2002-2003 | എൽ.എഫ്.പി12-434/07 /12-10-2007 | 14 |
| 2003-2004 | എൽ.എഫ്.പി12-435/07 /12-10-2007 | 10 |

| | | |
|---|---|---|
| 2004-2005 | എൽ.എഫ്.പി18-984/10 /10-1-2012 | 17 |
| 2005-2006 | എൽ.എഫ്.പി18-985/10 /10-1-2012 | 13 |
| 2006-2007 | എൽ.എഫ്.പി18-986/10 /10-1-2012 | 11 |
| 2007-2008 | എൽ.എഫ്.പി18-987/10 /10-1-2012 | 10 |
| 2008-2009 | എൽ.എഫ്.പി18-1620/13 /3-12-2013 | 12 |
| 2009-2010 & 2010-2011 | എൽ.എഫ്.പി18-1620/13 /3-12-2013 | 22 |
| 2011-2012 | എൽ.എഫ്.പി18-1248/13 /3-12-2013 | 17 |
| 2012-13 | എൽ.എഫ്.പി18-634/15 /8-7-2015 | 13 |
| 2013-14 &2014-15 | എൽ.എഫ്.പി18-1009/2016 /14-7-2016 | 16 |
| 2015-16 | കെ.എസ്.എ-പികെഡി18/121 /17/31-1-2017 | 8 |
| 2016-17 | കെ.എസ്.എ-പികെഡി18/1814/17./17.10.17 | 24 |
| 2017-18 | നം.കെ.എസ്.എ-പികെഡി.18-966/19/02.08.19 | 17 |
| 2018-19 | നം.കെ.എസ്.എ-പികെഡി.18-1330/20/5.07.22 | 19 |
| 2019-20 | നം.കെ.എസ്.എ-പികെഡി.18-1588/22/ 21.07.22 | ഓഡിറ്റ് റിപ്പോർട്ട് |
| 2020-21 | നം.കെ.എസ്.എ-പികെഡി.18-1589/22/ 27.07.22 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷികധനകാര്യ പത്രികകൾ

| INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2470726.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 790269.00 |
| 140000000 | Fee & User Charges | I-4(b) | 397312.00 |
| 150000000 | Sale & Hire Charges | I-5(b) | 248525.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 52319161.00 |
| 171000000 | Interest Earned | I-8 | 74925.00 |
| | Total Income | | 56300918.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9742238.00 |
| 220000000 | Administrative Expenses | I-11(b) | 378528.00 |
| 230000000 | Operations & Maintenance | I-12(b) | 542045.00 |
| 240000000 | Interest & Finance Charges | I-13 | 1871.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 1552932.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 23703425.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2372773.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 419415.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 14412150.00 |
| 255000000 | Maintenance Projects | I-14(e) | 4894126.00 |
| | Total Expenditure | | 58019503.00 |
| | Gross Surplus / Deficit of income over Expenditure | | -1718585.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 126512.00 |
| | Net difference (Prior period Income - Prior period Expenditure) | | -1845097.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 5219079.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1236150.00 |
| 140000000 | Fees & User Charges | RP-4 | 126512.00 |
| 150000000 | Sale & Hire Charges | RP-5 | 248525.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 43481315.00 |
| 171000000 | Interest Earned | RP-9 | 74925.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 27922255.00 |
| 350000000 | Other Liabilities | RP-36 | 867411.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| | Non Operating | | |
| 340000000 | Deposits Received | RP-34 | 52400.00 |
| 350000000 | Other Liabilities | RP-36 | 159783.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3130530.00 |
| 460000000 | Loans, Advances and Deposits | RP-47 | 124765.00 |
| | Grand total | | 82643650.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2139384.00 |
| 220000000 | Administrative Expenses | RP-12 | 377808.00 |
| 230000000 | Operations & Maintenance | RP-13 | 542045.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 1552932.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 18922425.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2372773.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 420135.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 60750.00 |
| 255000000 | Maintenance Projects | RP-20 | 4894126.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1568779.00 |
| 350000000 | Other Liabilities | RP-36 | 7013935.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1871.00 |
| 340000000 | Deposits Received | RP-34 | 52400.00 |
| 350000000 | Other Liabilities | RP-36 | 2634580.00 |
| 410000000 | Fixed Assets | RP-38 | 8103724.00 |
| 412000000 | Capital work in Progress | RP-40 | 4149138.00 |
| 430000000 | Stock-in-hand | RP-42 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 757437.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 27079408.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 82643650.00 |

| BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 4994997.20 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 57975245.00 |
| | Total Reserve & Surplus | | 62970242.20 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 32138765.00 |
| | Total Grants, Contributions for Specific Purposes | | 32138765.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 207766.00 |
| 350000000 | Other Liabilities | B-9 | 1249382.80 |
| | Total Current Liabilities and Provisions | | 1457148.80 |
| | TOTAL LIABILITIES | | 96566156.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 60031226.00 |
| 412000000 | Capital Work in Progress | B-11(a) | 4548784.00 |
| | Total Fixed Assets | | 64580010.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 3952634.00 |
| 450000000 | Cash and Bank Balance | B-17 | 27079408.00 |
| 460000000 | Loans, Advances and Deposits | B-18 | 954104.00 |
| | Total Current Assets, Loans and Advances | | 31986146.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| TOTAL ASSETS | | 96566156.00 | |

DEPUTY DIRECTOR